# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

ലക്കം 1 | ജനുവരി 2023 | വാല്യം 20






വൈദികരുടെ പൊതുമാസ ധ്യാനം

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ


Volume : 20
Issue No. : 1
Month : January 2023



*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Thomas Panjikunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Red Line Cheruthony

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com


## ഈ ലക്കത്തിൽ


സീറോമലബാർ പ്രേഷിതവാരാചരണം 2023 05
ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി 10
കർഷകദിനം 14
നാളാഗമം 18
BISHOP'S ENGAGEMENTS 21
കച്ചേരി വാർത്തകൾ 23
സാന്താമരിയ അരുണാചൽ മിഷൻ 26
മൈനർ സെമിനാരി 27
സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ 27
സന്യസ്തർ 30
ക്രിസ്തുജ്യോതി 35
വിദ്യാഭ്യാസം 40
പാവനാത്മാ കോളേജ് 41
മാർ സ്ലീവാ കോളേജ് 44
സാമൂഹ്യസേവനം 46
കെ. സി. എസ്. എൽ. 48
തിരുബാലസഖ്യം 48
ചെറുപുഷ്പ മിഷൻലീഗ് 50
കെ. സി. വൈ. എം. 52
ജീസസ് യൂത്ത് 53
കുടുംബ പ്രേഷിതത്വം 54
മാതൃവേദി 55
പ്രാർത്ഥനാ ഗ്രൂപ്പ് 55
കുടുംബക്കൂട്ടായ്മ 57
കത്തോലിക്കാ കോൺഗ്രസ് 57
പ്രോ – ലൈഫ് അപ്പോസ്തലേറ്റ് 60
വാർത്തകളും വിശേഷങ്ങളും 61
പൗരോഹിത്യ ആദ്ധ്യാത്മിക ചിന്തകൾ 63


***"If we embrace Christ with open arms, we will also embrace others with trust and humility."***

*Pope Francis, Tweet, 09-12-2022*

# ഓർമ്മിക്കാൻ

## ജനുവരി മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

01 : വർഷാരംഭം, നമ്മുടെ കർത്താവിന്റെ നാമകരണം
03 : വി. ചാവറ കുര്യാക്കോസ് ഏലിയാസ്
06 : ദനഹാത്തിരുനാൾ
: വിദ്യാഭ്യാസം, വേദപാഠം-സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷ
06-08 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി
13 : വി. യോഹന്നാൻ മാംദാന
14 : വി. ദേവസഹായം
16-18 : യുവവൈദികരുടെ സെമിനാർ, ആത്മജ്യോതി, അടിമാലി
18 : സഭൈക്യവാരം ആരംഭം
: പാസ്റ്ററൽ കൗൺസിൽ, ആത്മജ്യോതി, അടിമാലി
20 : വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ
: വി. സെബസ്ത്യാനോസ്
21 : ജോർദ്ദാനിയ 2023, വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയം
24 : വി. ഫ്രാൻസിസ് സാലസ്
: കുടുംബക്കൂട്ടായ്മ രൂപതാ ഏകദിന കൺവൻഷൻ, സെന്റ് മേരീസ് ഫൊറോനാ ചർച്ച്, മുരിക്കാശ്ശേരി
25 : സഭൈക്യവാരം അവസാനിക്കുന്നു
: വി. പൗലോസിന്റെ മാനസാന്തരം
26 : ഇന്ത്യൻ റിപ്പബ്ലിക് ദിനം
: വി. തിമോത്തേയോസും വി. തീത്തൂസും
27 : വി. സുവിശേഷകന്മാർ
: വിദ്യാഭ്യാസം, അക്കാഡമിക് കൗൺസിൽ സ്കൂൾതല മത്സരപരീക്ഷ
27-29 : ഏലീശ്വാ ധ്യാനം, ആത്മജ്യോതി, അടിമാലി
28 : വി. തോമസ് അക്വിനാസ്
30 : ലോകസമാധാനദിനം
: മൂന്നുനോമ്പ് ആരംഭം
31 : വി. ജോൺ ബോസ്കോ

# സീറോമലബാർ പ്രേഷിതവാരാചരണം 2023

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുമെഴുതുന്നത്.**

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

കഴിഞ്ഞ ഏതാനും വർഷങ്ങളായി ദനഹാതിരുനാളായ ജനുവരി ആറാം തിയതി മുതലുള്ള ഒരാഴ്ചക്കാലം സീറോമലബാർ സഭയിൽ പ്രേഷിതവാരമായി ആചരിച്ചുവരികയാണ്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. മാമോദീസ സ്വീകരിച്ച നാമെല്ലാവരും പ്രേഷിതപ്രവർത്തനങ്ങളിൽ എർപ്പെടേണ്ടതിന്റെ ആവശ്യകതയും പ്രത്യേകമായി മിഷൻരംഗങ്ങളിലുള്ള പ്രേഷിതപ്രവർത്തനങ്ങളെ അറിയുകയും പിൻതുണയ്ക്കുകയും ചെയ്യാനുള്ള നമ്മുടെ കടമയും ഓർമപ്പെടുത്തുകയെന്നതാണ് ഈ വാരാചരണത്തിന്റെ ലക്ഷ്യം. ഭാരതം മുഴുവനിലും പ്രേഷിതപ്രവർത്തനത്തിനുള്ള അവസരം സീറോമലബാർസഭയ്ക്കു ലഭിച്ചതിലൂടെ സഭാമക്കളായ നാമോരോരുത്തരുടെയും പ്രേഷിതപരമായ ഉത്തരവാദിത്വം വർധിച്ചിരിക്കുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

'സുവിശേഷമാകുവാനും സുവിശേഷമേകുവാനും' വിളിക്കപ്പെട്ടവരാണു നാമോരോരുത്തരും. സുവിശേഷത്തിന്റെ സാരസംഗ്രഹമായി ഈശോ ഇപ്രകാരം പഠിപ്പിക്കുന്നു: ''എന്റെ സന്തോഷം നിങ്ങളിലായിരിക്കാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുംവേണ്ടി ഇവ ഞാൻ പറയുന്നു'' (യോഹ. 15:11). സത്തയിൽ സ്നേഹവും സഹവാസവും സന്തോഷവുമായിരിക്കുന്ന ദൈവത്തിലേക്ക് എല്ലാവരെയും ആകർഷിക്കുകയെന്നതാണ് പ്രേഷിതപ്രവർത്തനം. ഈ ദൗത്യനിർവഹണത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകും.

''എന്നെപ്രതി നിങ്ങൾ അധിക്ഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യപ്പെടുമ്പോൾ, നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ'' (മത്താ. 5:12) എന്ന് ഈശോ പറഞ്ഞതു നമുക്കുള്ള മുന്നറിയിപ്പാണ്. സുവിശേഷ ത്തിനുവേണ്ടി തടവുകാരനായതിൽ അഭിമാനിച്ച പൗലോസ് ശ്ലീഹ ഇപ്രകാരം പറയുന്നു: ''നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോ ഷിക്കുവിൻ, ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ'' (ഫിലി. 4:4). ഈശോയുടെ മാതൃകയെ അനുകരിച്ച് സന്തോഷചിത്തരാകു ന്നതും നമ്മുടെ സന്തോഷം മറ്റുള്ളവരുമായി സ്നേഹപൂർവം പങ്കു വെയ്ക്കുന്നതും പ്രേഷിതധർമത്തിന്റെ ഭാഗമാണ്.

'സുവിശേഷത്തിന്റെ ആനന്ദം' എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ മാർപാപ്പ ഒരുപടികൂടി മുന്നോട്ടുപോകുന്നു. സന്തോഷത്തിന്റെ സംവാഹകരാകുക എന്നതിനെക്കാൾ നമ്മിൽ നിന്നു മറ്റുള്ളവരിലേക്കു സ്വാഭാവികമായി പ്രസരിക്കത്തക്കവിധം നിറഞ്ഞൊഴുകുന്ന സവിശേഷമായ ആനന്ദത്തിനുടമകളാകാനുള്ള ആഹ്വാനമാണ് മാർപാപ്പ നടത്തുന്നത്. ''സുവിശേഷത്തിന്റെ ആനന്ദം യേശുവിനെ അഭിമുഖീകരിക്കുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതത്തിലും കരകവിഞ്ഞൊഴുകുന്നു'' (നമ്പർ 1) എന്ന ആമുഖ ത്തോടെയാണ് ഈ അപ്പസ്തോലിക പ്രബോധനം മാർപാപ്പ ആരംഭി ക്കുന്നത്. പരിശുദ്ധ പിതാവു മുന്നോട്ടുവയ്ക്കുന്നത് പ്രേഷിതശൈ ലിയിലുള്ള ഒരു അജപാലനശുശ്രൂഷയാണ്. ''എല്ലായ്പ്പോഴും ഞ ങ്ങൾ ഇങ്ങനെയാണിതു ചെയ്തിരുന്നത് എന്നുപറയുന്ന അലംഭാവ ത്തോടുകൂടിയ മനോഭാവം ഉപേക്ഷിക്കാനാണ് പ്രേഷിതപ്രാധാ ന്യമുള്ള അജപാലനശുശ്രൂഷ ആഗ്രഹിക്കുന്നത്'' (നമ്പർ 33) എന്ന വാക്കുകളിലൂടെ പ്രേഷിത പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കേണ്ട നവീകരണത്തിന്റെയും സമീപനങ്ങളുടെ പുനർനിർവചനത്തി ന്റെയും ആവശ്യകത ചൂണ്ടിക്കാണിക്കുന്നു.

വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്ന സമറി യാക്കാരി സ്ത്രീയുടെ പ്രേഷിതചൈതന്യം നമുക്കു മാതൃകയാണ്. ജീവിതഭാരങ്ങളും ദുഃഖങ്ങളും അപമാനങ്ങളും പേറിയുള്ള അവ ളുടെ ജീവിതത്തിലേയ്ക്കാണു കിണറ്റിൻകരയിൽവച്ച് ഈശോ കട ന്നുവരുന്നത്. നസ്രത്തിൽനിന്നുള്ള ആ യഹൂദനിൽ രക്ഷകനെ ദർ ശിച്ച സമറിയക്കാരി സുവിശേഷത്തിന്റെ പ്രചാരകയായി മാറുന്നത് അവൾ ഹൃദയത്തിൽ അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെയും സന്തോഷ

ത്തിന്റെയും പിൻബലത്തിലാണ്. തന്റെ കഴിഞ്ഞകാല ജീവിതത്തെ കുറിച്ചു വ്യക്തമായി അറിയാവുന്ന സ്വന്തം സമൂഹത്തിലേയ്ക്കാണ് അവൾ കിണറ്റിൻകരയിൽനിന്ന് ഓടുന്നത്. അത് അവളുടെ ആദ്യ പ്രേഷിതയാത്രയാണ്. സ്വന്തം ബലഹീനതയെ അംഗീകരിക്കുകയും അതിനെ മിശിഹായുടെ സാന്നിധ്യത്തിന്റെ ശക്തിയാൽ അതിജീവിക്കുകയും ചെയ്ത സമറിയാക്കാരി ദൈവരാജ്യത്തിന്റെ സജീവപ്രേഷിതയായി മാറുന്നു. ''നമ്മുടെ പോരായ്മകൾ വകവയ്ക്കാതെ തന്റെ സാമിപ്യവും തന്റെ വചനവും തന്റെ ശക്തിയും നമുക്കു പ്രദാനം ചെയ്യുകയും നമ്മുടെ ജീവിതങ്ങൾക്ക് അർത്ഥം നൽകുകയും ചെയ്യുന്ന കർത്താവിന്റെ രക്ഷാകരസ്നേഹത്തിന്റെ സ്പഷ്ടമായ സാക്ഷ്യം മറ്റുള്ളവർക്കു നൽകാൻ നാമെല്ലാവരും വിളിക്കപ്പെടുന്നു'' (നമ്പർ 121) എന്ന ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ സമറിയക്കാരിയുടെ ജീവിതാനുഭവവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പരിമിതികളും പോരായ്മകളും ബലഹീനതകളും പ്രേഷിതപ്രവർത്തനത്തിനു തടസ്സമാകാതെ എവിടെയും എല്ലായ്പ്പോഴും സുവിശേഷം പങ്കുവയ്ക്കാൻ നമുക്കു സാധിക്കണം.

സഭയിലെ പ്രേഷിതപ്രവർത്തനങ്ങളുടെ സാമൂഹ്യവും സഭാപരവുമായ തലങ്ങളെക്കുറിച്ചു 2022 ലെ പ്രേഷിതദിന സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ വ്യക്തത നൽകുന്നുണ്ട്. ''സഭയിലും സഭയുടെ നിർദേശത്താലും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആകയാൽ എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും തന്റേതായ രീതിയിലല്ല; അതു സഭാസമൂഹവുമായുള്ള കൂട്ടായ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തിയും സ്വന്തം താൽപര്യത്തിലല്ല,'' എന്നു മാർപാപ്പ പ്രബോധിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യത്തിൽ ഒരാൾ വ്യക്തിപരമായി പ്രേഷിതപ്രവർത്തനത്തിലേർപ്പെടുമ്പോഴും സഭയുമായുള്ള കൂട്ടായ്മയിലാണ് അതു ചെയ്യേണ്ടതെന്നും പരിശുദ്ധ പിതാവ് ഓർമിപ്പിക്കുന്നു. സാർവത്രിക സഭയോടുചേർന്നു സീറോമലബാർസഭയും പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഒരു വ്യക്തിസഭയെന്നനിലയിൽ നമ്മുടെ സാധ്യതകളും കടമകളും പ്രവർത്തനമേഖലകളും കണക്കിലെടുക്കണം. ആദ്യമിഷനറിയായ മാർതോമാശ്ലീഹായുടെയും പിന്നീടുവന്ന തീക്ഷണമതികളായ മിഷനറിമാരുടെയും പ്രവർത്തനങ്ങളാൽ വളർന്നതാണു നമ്മുടെ സഭ. കാലക്രമത്തിൽ ലോകം മുഴുവനിലേ

യ്ക്കും പ്രേഷിതതീക്ഷ്ണതയുള്ള വൈദികരെയും സമർപ്പിതരെയും അയക്കുന്ന പ്രേഷിതദൗത്യം സീറോമലബാർസഭ നിർവഹിച്ചുകൊണ്ടിരിക്കുന്നു. സഭയുടെ ഈ പ്രേഷിതരെയോർത്തു ദൈവത്തിനു നന്ദി പറയാം.

ഭാരതത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ഈശോയുടെ സുവിശേഷത്തിന്റെ വിമോചനവും ആനന്ദവും പങ്കുവച്ചുകൊണ്ടു ശുശ്രൂഷചെയ്യുന്ന നമ്മുടെ സഭയിലെ പ്രേഷിതരെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. സുവിശേഷപ്രഘോഷണത്തിലൂടെയും അഗതിസംരക്ഷണത്തിലൂടെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും പ്രേഷിതശുശ്രൂഷചെയ്യുന്ന വൈദികരെയും സമർപ്പിതരെയും അല്മായസഹോദരങ്ങളെയും സാധിക്കുന്നവിധത്തിൽ സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു കടമയുണ്ട്. തിരക്കേറിയ ജീവിതസാഹചര്യങ്ങളിൽ നേരിട്ടുള്ള സുവിശേഷപ്രവർത്തനത്തിനായി സമയം കണ്ടെത്താൻ എല്ലാവർക്കും സാധിച്ചെന്നുവരില്ല. എന്നാൽ വെല്ലുവിളി നിറഞ്ഞ പ്രേഷിതസാഹചര്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരെ ഹൃദയത്തിൽ ചേർത്തുനിർത്തുന്നതിലൂടെ നമ്മൾ ചെയ്യുന്നതും പ്രേഷിതപ്രവർത്തനമാണ് എന്ന തിരിച്ചറിവിൽ മിഷനെ അറിയാനും മിഷനെ സഹായിക്കാനും നമുക്കു പരിശ്രമിക്കാം. കേരളത്തിലുള്ള 13 രൂപതകളും കേരളത്തിനു പുറത്തു ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 18 രൂപതകളും ഭാരതത്തിനുപുറത്തുള്ള നാലു രൂപതകളും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനും ഗൾഫിലും മറ്റു സ്ഥലങ്ങളിലുമുള്ള സീറോമലബാർ സമൂഹങ്ങളുമെല്ലാം സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുകാരാകുകയും സഹായം കൂടുതൽ ആവശ്യമുള്ളവരെ പിൻതുണയ്ക്കുകയും ചെയ്യുന്നുണ്ട് എന്നതു സന്തോഷകരമായ വസ്തുതയാണ്.

പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാതൃക അനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യപ്രവർത്തനങ്ങളിലൂടെ അവിടുത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിതവാരാചരണം നമുക്കു പ്രചോദനം നൽകട്ടെ. ലോകം മുഴുവനിലുമുള്ള നമ്മുടെ പ്രേഷിതർക്കുവേണ്ടി പ്രാർഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം സഹായിക്കുന്നതോടൊപ്പം മിഷൻമേഖലകളിലെ ശുശ്രൂ

ഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായസഹോദര ങ്ങളും പങ്കുചേരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി കരുതണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻ വാരാചരണം അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ട വർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്ക്കരണത്തിനുള്ള കമ്മീഷ ന്റെയും മിഷൻ കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട് ഉദാര മായി സഹകരിക്കണമെന്നു അഭ്യർഥിക്കുന്നു. ''യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും'' (മത്താ. 28:20) എന്ന ഈശോയുടെ വാഗ്ദാനം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പ്രചോദനവും ആത്മധൈര്യവും മാർഗദർശനവും നൽകട്ടെ.

എല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹ പൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2022 ഡിസംബർ 18-ാം തിയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

1. 2023 ജനുവരി ഒന്നാം തിയതി ഞായറാഴ്ച വി. കുർബാനമധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങ ളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.
2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തി ക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2023 ഫെബ്രുവരി 28 ന് മുമ്പായി എത്തിക്കേണ്ടതാണ്.

# ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുമെഴുതുന്നത്.**

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

ഭാരതസഭയുടെ തനതായ പ്രേഷിതശൈലിയിൽ പ്രവർത്തിക്കുന്ന അല്മായ പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻലീഗ് സ്ഥാപിതമായിട്ടു 2022 ഒക്ടോബർ 3 ന് 75 വർഷങ്ങൾ പൂർത്തിയായല്ലോ. മിഷനുവേണ്ടി സുകൃതജപങ്ങൾ ചൊല്ലി കാഴ്ചവച്ചുകൊണ്ടു പ്രാർത്ഥിക്കുകയും ത്യാഗങ്ങൾ സഹിക്കുകയും നന്നായി പഠിക്കുകയും ജീവിക്കുകയും അതുവഴി വേദപ്രചാരപ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്യണമെന്നും നല്ല മിഷണറിമാരാകണമെന്നും വി. അൽഫോൻസാമ്മ കുട്ടികളെ ഉപദേശിച്ചിരുന്നു. വി. അൽഫോൻസാമ്മയുടെ പ്രചോദനത്താൽ, 'കുഞ്ഞേട്ടൻ' എന്നു വിളിക്കപ്പെട്ടിരുന്ന ശ്രീ പി.സി. എബ്രഹാം പല്ലാട്ടുകുന്നേലും ബഹു. ജോസഫ് മാലിപ്പറമ്പിലച്ചനും സമാനചിന്താഗതികളുള്ള തങ്ങളുടെ സുഹൃത്തുക്കളുമായി തുടങ്ങിയ പ്രസ്ഥാനമാണ് ലോകത്തിന് അനവധി മിഷനറിമാരെ സംഭാവനചെയ്ത ചെറുപുഷ്പ മിഷൻലീഗ് എന്ന അല്മായ പ്രേഷിതസംഘടന.

ആഗോള പ്രേഷിതപ്രവർത്തനങ്ങളുടെ സ്വർഗീയമധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ ചരമസുവർണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു ഭരണങ്ങാനത്തു നടന്ന സമ്മേളനത്തിൽ 1947 ഒക്ടോബർ 3 ന് അന്നത്തെ കോട്ടയം രൂപതാ മെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവാണ് ഈ സംഘടനയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇളംപ്രായത്തിൽതന്നെ ഈശോയ്ക്കു

വേണ്ടി മിഷനറിയാകണമെന്നുള്ള ആഗ്രഹത്തിന്റെ വിത്തുവിത യ്ക്കാൻ ചെറുപുഷ്പ മിഷൻലീഗിനു കഴിഞ്ഞു എന്നതു പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആദ്യകുർബാന സ്വീകരിക്കുന്ന വർഷംതന്നെ ചെറു പുഷ്പ മിഷൻലീഗിൽ അംഗത്വം സ്വീകരിക്കുന്നതുവഴി പ്രേഷിത തീക്ഷ്ണത കുട്ടികളിൽ ജ്വലിപ്പിക്കുവാൻ മിഷൻലീഗിലുള്ള പ്രവർ ത്തനം ഇടയാക്കിയിട്ടുണ്ട്. സുകൃതജപങ്ങൾ ചൊല്ലാനും പരിത്യാഗ പ്രവൃത്തികളും പരോപകാരപ്രവൃത്തികളും സ്വയമേവ ചെയ്യാനും മിഷൻലീഗ് അംഗങ്ങൾ പരിശീലിക്കുന്നു എന്നത് എടുത്തുപറ യേണ്ടതാണ്.

തന്റെ ദൗത്യം ഭൂമിയിൽ തുടർന്നുകൊണ്ടുപോകാനാണ് ക്രിസ്തു സഭ സ്ഥാപിച്ചത്. തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു പൂർണ്ണ ബോധ്യമുണ്ടായിരുന്ന അപ്പസ്തോലന്മാർ ജീവിതസാക്ഷ്യം, പ്രഘോഷണം എന്നിവവഴി അതു നിർവ്വഹിച്ചു. ഒരു വ്യക്തിയുടെ ആഴമായ ക്രിസ്താനുഭവത്തിന്റെയും അതു മറ്റുള്ളവരുമായി പങ്കു വയ്ക്കാനുള്ള തീക്ഷ്ണതയുടെയും ഫലമാണു പ്രേഷിതത്വം. ഉത്ഥി തനായ മിശിഹായെ അനുഭവിച്ചറിഞ്ഞപ്പോൾ, തങ്ങളുടെ ജീവി തത്തെത്തന്നെ മാറ്റിമറിച്ച ആ അനുഭവം മറ്റുള്ളവരുമായി പങ്കുവ യ്ക്കുക എന്നതു പുറമേനിന്നുള്ള ഒരു കല്പന എന്നതിനെക്കാൾ തങ്ങളുടെതന്നെ കടമയായി അപ്പസ്തോലന്മാർക്ക് അനുഭവപ്പെട്ടു. മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ അവരെ നിർബന്ധിതരാക്കുംവിധം അത്ര ശക്തമായിരുന്നു അവർക്കു സിദ്ധിച്ച ഉത്ഥിതന്റെ അനുഭവം. ഈശോയുമായുള്ള അത്തരം ആഴമേറിയ ഒരു വ്യക്തിപരമായ അനു ഭവമാണ് നമ്മുടെ പിതാവായ മാർതോമാ ശ്ലീഹായെ 'എന്റെ കർത്താ വേ, എന്റെ ദൈവമേ' എന്ന് ഉദ്ഘോഷിക്കുവാൻ പ്രാപ്തനാക്കിയത്. ശക്തമായ ഈ ഉത്ഥാനാനുഭവമാണ് തോമാശ്ലീഹായെ പ്രേഷിത പ്രവർത്തനത്തിലേക്കു നയിക്കുന്നത്. വി. തോമാശ്ലീഹായുടെ ഈ മാതൃകയാണു മാർതോമാ ക്രിസ്ത്യാനികളായ നമ്മെ പ്രേഷിത പ്രവർത്തനത്തിൽ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്.

സെഹിയോൻശാലയിൽ പ്രാർഥിച്ചിരുന്ന ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിന്റെ ആഗമനം ഉണ്ടായപ്പോൾ അവർ ലോകാതിർ ത്തികൾവരെ സുവിശേഷപ്രഘോഷണത്തിനായി പോകുകയുണ്ടാ യി. ഭരണങ്ങാനത്ത് എളിയരീതിയിൽ ആരംഭിച്ച ഈ സംഘടനയുടെ

വളർച്ചയ്ക്കു കാരണമായിരിക്കുന്നതു പരിശുദ്ധാത്മാവിന്റെ ഇട പെടലാണെന്നു നിസംശയം നമുക്കു പറയാൻ സാധിക്കും. ''ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ'' എന്ന പതിമൂന്നാം ലെയോ മാർപാപ്പയുടെ വാക്കുകളാണ് ചെറുപുഷ്പ മിഷൻലീഗിന്റെ ആദർശ വാക്യം. ഈ ആദർശവാക്യത്തിൽ അടിസ്ഥാനമിട്ട ദൗത്യനിർവഹണ ത്തിനായി സ്നേഹം-ത്യാഗം-സേവാ-സഹനം എന്ന മുദ്രാവാക്യവു മായി പ്രേഷിതപ്രവർത്തനം, വ്യക്തിത്വവികാസം, ദൈവവിളി പ്രോ ത്സാഹനം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി മിഷൻലീഗ് അംഗങ്ങൾ ഇന്നും തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നു. സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും പ്രാർത്ഥനകൊണ്ടും സുകൃ തങ്ങൾകൊണ്ടും അതിനെ ശക്തിപ്പെടുത്തുന്നതിനും മിഷൻപ്രവർ ത്തനത്തിനുപോകാൻ ആഗ്രഹിക്കുന്നവർക്കു സഭയുടെ മിഷൻമേഖ ലകളെയും മിഷനറി സമർപ്പിതസമൂഹങ്ങളെയും പരിചയപ്പെടു ത്തുന്നതിനും അതുവഴി മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പി ക്കുന്നതിനും മിഷൻലീഗ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ സഭ യിൽനിന്നുള്ള 57 മെത്രാന്മാരുടെയും 25000 ൽ അധികം വൈദികരു ടെയും 35000 ൽ അധികം സിസ്റ്റേഴ്സിന്റെയും ദൈവവിളിക്കും നിര വധി അല്മായരുടെ ജീവിതവിജയത്തിനും മിഷൻലീഗിലെ പ്രവർ ത്തനം കാരണമായിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമായ വസ്തുത യാണ്.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു കരുത്തായി നിന്ന ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ പ്ലാറ്റിനം ജൂ ബിലി ആഘോഷവേളയിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ചെറു പുഷ്പ മിഷൻലീഗിനെ എല്ലാവരും പ്രോത്സാഹിപ്പിക്കണമെന്നും വളർത്തണമെന്നും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ജൂബിലിയുടെ സമാപനവേളയിൽ ഈ സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി അധ്വാ നിച്ച എല്ലാവരെയും നാം ഓർക്കേണ്ടതുണ്ട്. ഒരോ ഇടവകയിലും കുട്ടികളിൽ പ്രേഷിതതീക്ഷ്ണത വളർത്തിയ വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, വിവിധ തലങ്ങളിൽ സംഘടനയുടെ നേതൃത്വനിര യിൽ പ്രവർത്തിച്ചവർ, ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ തുടങ്ങിയ എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കാം. ആധുനിക സമൂഹത്തിന്റെ വശ്യമായ പ്രലോഭനങ്ങൾക്കടിപ്പെട്ടു നന്മയുടെയും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും വഴികളിൽനിന്നു നമ്മുടെ

കുഞ്ഞുങ്ങൾ മാറിപ്പോകാതിരിക്കാനുള്ള ജാഗ്രത ഈ സംഘടനയുമായി ബന്ധപ്പെട്ട എല്ലാവർക്കുമുണ്ടാകട്ടെ. ഈ പ്രേഷിതസംഘടനയുടെ ആദ്യചൈതന്യം ഇനിയും പതിന്മടങ്ങായി വരുംതലമുറയ്ക്കു പകർന്നുകൊടുക്കുവാൻ ഇതിന്റെ എല്ലാ അംഗങ്ങൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിനായി, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും, ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗീയമധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും സഹമധ്യസ്ഥരുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനകൾ തുണയായിരിക്കട്ടെ.

തക്കലയിൽവച്ച് 2023 ജനുവരി 29നു നടക്കുന്ന ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിസമാപനാഘോഷങ്ങളിൽ ബന്ധപ്പെട്ട എല്ലാവരും സഹകരിക്കണമെന്ന് ആഹ്വാനംചെയ്തുകൊണ്ടും ജൂബിലിയുടെ മംഗളങ്ങൾ നേർന്നുകൊണ്ടും കാരുണ്യവാനായ കർത്താവിന്റെ അനുഗ്രഹങ്ങൾ എല്ലാ മിഷൻലീഗ് പ്രവർത്തകരുടെയുംമേൽ ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022 ഡിസംബർ 22-ാം തിയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

2023 ജനുവരി 15-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

# 2023 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കാർഷികവൃത്തി ഗൗരവകരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും കർഷകനും കർഷകന്റെ സങ്കടങ്ങളും തുടർച്ചയായി അവഗണിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് കർഷകരുടെ ബുദ്ധിമുട്ടുകളിലേയ്ക്ക് ഭരണകർത്താക്കളുടെയും വിശ്വാസിസമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് കെസിബിസി ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. കൃഷിയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ നിലനിർത്തുകയും കാർഷിക പ്രശ്നങ്ങളിൽ കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അവർക്കുവേണ്ടി ശബ്ദിക്കുകയും ചെയ്യുക എന്ന ലക്ഷ്യങ്ങളോടെയുമാണ് 2023 ജനുവരി 15-ാം തീയതി ഞായറാഴ്ച കർഷകരായ നമ്മുടെ സഹോദരങ്ങൾക്കായി മാറ്റിവച്ച് കൃഷിയെക്കുറിച്ച് നാം ചിന്തിക്കുന്നത്.

അതിരു കാക്കുന്ന യോദ്ധാവും കതിരു കാക്കുന്ന കർഷകനും എന്ന ചൊല്ല് നാം കേട്ടിട്ടുണ്ടല്ലോ. സൈനികനെപ്പോലെതന്നെ പ്രധാനപ്പെട്ടവനാണ് കർഷകൻ എന്നാണ് ഈ ചൊല്ലിന്റെ അർത്ഥം. കർഷകൻ സൈനികനെപ്പോലെ പ്രധാനപ്പെട്ടവനാകുന്നതിനു കാരണം കൃഷി ജീവിതമാർഗ്ഗം എന്നതിലുപരി മനുഷ്യസംസ്കാരത്തിന്റെ അടിത്തറ കൂടിയാണ് എന്നതാണ്. ലോകത്തെ എല്ലാ സംസ്കാരങ്ങളും ഉടലെടുത്തത് കൃഷിയിൽ നിന്നാണ്. കൃഷിക്കുവേണ്ടിയാണ് നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെയാണ് മഹത്തായ സിന്ധുനദീതട സംസ്കാരങ്ങൾ പോലുള്ള ലോകസംസ്കാരങ്ങൾ പിറവിയെടുത്തത്.

കേരളത്തെക്കുറിച്ച് പറഞ്ഞാൽ കൃഷിയുടെ അംശം പേരിൽത്തന്നെയുള്ള നാടാണ്. കേരവൃക്ഷങ്ങളുടെ നാടായ കേരളം എന്ന് പറയാം. ഒരു കാലത്ത് മലയാളിക്ക് കൃഷി ജീവവായു പോലെയായിരുന്നു;

ക്രൈസ്തവർക്ക് പ്രത്യേകിച്ചും. കുടിയേറ്റ ചരിത്രംപോലും, ജീവിക്കാനായി കൃഷിയിടങ്ങൾ തേടി നടത്തിയ യാത്രയുടെ ചരിത്രമാണ്. ഇന്ന് നമ്മൾ കൃഷിയിൽ നിന്ന് അകന്നു പോയെങ്കിലും നമ്മൾ സുഖമായി ഭക്ഷിച്ചു ജീവിക്കുന്നത് മറ്റുള്ളവർ നമുക്കായി കൃഷി ചെയ്യുന്നതുകൊണ്ടാണെന്ന് മറന്നു പോകുരുത്.

കേരളത്തിൽ കൃഷിക്ക് വ്യാപക ഇടിവ് സംഭവിച്ചു. പുതുതലമുറ കൃഷി ഏറ്റെടുക്കുന്നേയില്ല. നമ്മൾ പൂർണ്ണമായും ഉപഭോഗ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് നമ്മുടെ മൂല്യബോധങ്ങളിലും നിലപാടുകളിലും മാറ്റം വന്നു തുടങ്ങി. നെല്ലും വയലും പച്ചക്കറി തോട്ടങ്ങളും നമ്മുടെ ചുറ്റുപാടികളിൽനിന്ന് അന്യമാകുമ്പോൾ നമ്മുടെ സംസ്കാരം കൂടിയാണ് നമുക്ക് അന്യമാകുന്നത്. വാടിപ്പോയ ചെടികളെ വെള്ളവും വളവും നൽകി ഊർജ്ജസ്വലമാക്കിയെടുക്കുന്ന കർഷകൻ പഠിപ്പിക്കുന്ന വലിയ ജീവിത മൂല്യങ്ങളുണ്ട്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും ദയയുടെയും വിട്ടുവീഴ്ചയുടെയുമൊക്കെ പാഠങ്ങളാണവ. കുട്ടികളെ കൂടെ നിറുത്തി ഇഞ്ചി നടുകയും വാഴവയ്ക്കുകയും അയൽപക്കക്കാരോടൊത്ത് വിളവെടുക്കുകയും ചെയ്തിരുന്ന പഴയകാല മാതാപിതാക്കൾ പകർന്നുകൊടുത്ത മൂല്യങ്ങളിലാണ് നമ്മുടെ നാട് നന്മയുള്ള നാടായി നിലനിന്നത്. ആ സംസ്കാരം പാടേ ഇല്ലാതാകാതിരിക്കാൻ നമ്മൾ ജാഗ്രത പുലർത്തണം.

ഈ ഉത്തമ ബോധ്യത്തിൽ നിന്നാണ് സഭകൃഷിയെക്കുറിച്ച് പറയുകയും കർഷകരെ ഹൃദയത്തോട് ചേർത്തു നിറുത്തുകയും അവർക്കായി ആത്മാർത്ഥമായി വാദിക്കുകയും ചെയ്യുന്നത്. നമ്മുടെ കർത്താവിന്റെ രക്ഷാകര ചരിത്രത്തിൽ കൃഷിക്കും കാർഷിക പ്രതീകങ്ങൾക്കുമുള്ള സ്ഥാനവും നാം മറന്നുകൂടാ. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ ആടുമേയ്ക്കുന്നവരും മുന്തിരി കൃഷി ചെയ്യുന്നവരും ഗോതമ്പ് നടുന്നവരും മീൻപിടുത്തക്കാരുമായിരുന്നു. അതുകൊണ്ടാണ് നമ്മുടെ കർത്താവ് ദൈവരാജ്യത്തെപ്പറ്റിയുള്ള പ്രബോധനങ്ങളിൽ വയലിൽ വിതയ്ക്കപ്പെട്ട വിത്തിനെയും മുന്തിരി തോട്ടത്തെയും നല്ല ഇടയനെയും കടലിൽ എറിഞ്ഞ വലയെയും കുറിച്ചൊക്കെ പറഞ്ഞതും ഉപമയാക്കിയതും.

ശ്രേഷ്ഠവും മഹനീയവുമായ ഈ വസ്തുതകൾ നിലനിൽക്കെത്തന്നെ ഇന്ന് ഒരു സാധാരണ കർഷകൻ നേരിടേണ്ടിവരുന്ന

ബുദ്ധിമുട്ടുകളെക്കുറിച്ച് നമ്മൾ അറിയുകയും കർഷകരുടെ ആവശ്യങ്ങൾക്കായി സംഘടിതമായി പ്രവർത്തിക്കുകയും വേണം. അത്യന്തം സങ്കടകരമായ സാഹചര്യങ്ങളിലൂടെയാണ് കർഷകർ കടന്നുപോകുന്നത്. ആരും ശ്രദ്ധിക്കാനില്ലാത്തവരായി മാറി കർഷകൻ. അവന്റെ സങ്കടങ്ങൾ ഒരു ഭരണാധികാരിയും ഗൗനിക്കുന്നില്ല. പ്രകൃതിക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച പല കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷുറൻസിന്റെയും മറ്റും പേരുപറഞ്ഞ് മുതിർന്ന പൗരന്മാരെപോലും അവഗണിക്കുകയാണ്. കൂടുതലൊന്നും തരണ്ട, ഞങ്ങളുടെ കൃഷി നശിച്ചുപോയതിന് നഷ്ടപരിഹാരമെങ്കിലും തരാമോഎന്ന് സങ്കടപ്പെട്ടു യാചിക്കുന്ന കർഷകരുണ്ട്. എന്നാൽ കർഷകരുടെ നഷ്ടത്തെക്കുറിച്ച് ആശങ്കപ്പെടാത്തവർ വ്യവസായ ഭീമന്മാരുടെ നഷ്ടത്തെക്കുറിച്ച് വ്യാകുലപ്പെടുകയാണ്. സാധാരണക്കാരന്റെ വ്യാകുലതകളാണ് ഭരണാധികാരികളെ ആശങ്കപ്പെടുത്തേണ്ടത്. പണ്ടു കാലങ്ങളിൽ മേലാളന്മാർക്കുമുമ്പിൽ തൊഴുതുനിന്നിരുന്ന അടിയാന്മാരുടെ ഗതികേടിലായിരിക്കുന്നു നമ്മുടെ കർഷകർ. കർഷകന്റെ മക്കളുടെ വിവാഹങ്ങൾ പോലും നടക്കാതെ പോകുന്നു. ഉല്പാദനച്ചിലവിലുണ്ടാകുന്ന വർദ്ധനവ്, കാലാവസ്ഥാമാറ്റം, വന്യജീവികളുടെ ആക്രമണം മൂലമുള്ള വിളനഷ്ടം, അപ്രതീക്ഷിത പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം, കുടിയേറ്റ കർഷകരെ ആക്ഷേപിക്കുന്ന നടപടികൾ, പട്ടയങ്ങളുടെ നിയമസാധുത റദ്ദാക്കൽ പോലുള്ള കടുത്ത കർഷകദ്രോഹ നടപടികൾ, വനാതിർത്തി വിട്ട് കൃഷിഭൂമിയിലേക്ക് ബഫർസോൺ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി നിരവധി കാരണങ്ങളാൽ നമ്മുടെ കർഷകർ ഇന്ന് അസ്വസ്ഥരും ആകുലചിത്തരുമായിരിക്കുന്നു. സർക്കാരുകളുടെ സഹായമില്ലാതെ കർഷകന് അവന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനാവാത്ത സ്ഥിതിയാണുള്ളത്. കർഷകരോടുള്ള ആത്മാർത്ഥത കർഷകദിനാചരണത്തിലും അവാർഡ് ദാനങ്ങളിലും മാത്രം ഒതുക്കി നിറുത്തിയാൽ പോരാ. കർഷക പെൻഷനും കൃഷിനാശം മൂലമുള്ള നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്ന കർഷകർക്ക് ഇൻഷുറൻസ് മാനദണ്ഡങ്ങൾ പോലും പരിഗണിക്കാതെ മുൻഗണന നൽകണം. സർക്കാരുകളുടെ സത്വരശ്രദ്ധ കർഷകന്റെ കാര്യത്തിലുണ്ടാകണം. കർഷക അവഗണന ജനാധിപത്യ ബോധമുള്ള സർക്കാരുകൾക്ക് ഭൂഷണമല്ല.

കർഷകന്റെ ആവശ്യങ്ങളിൽ അടിയന്തിരമായി ഇടപെടണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നതിനോടൊപ്പം കൃഷിയുടെ സംസ്കാരം അന്യംനിന്ന് പോകാതിരിക്കാൻ, എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കണമെന്നും എല്ലാ കുടുംബങ്ങളോടും കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. മാറിയ കാലത്തിന്റെ വ്യഗ്രതകൾക്കിടയിൽ നമുക്ക് കൈമോശം വന്ന കുടുംബ കൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. ഇത് ഭക്ഷ്യസുരക്ഷയ്ക്ക് മാത്രമല്ല നമ്മുടെ യുവതലമുറയുടെ മൂല്യബോധത്തിനു പോലും ആവശ്യമാണ്. ഡോക്ടറും എഞ്ചിനീയറും അധ്യാപകനുമൊക്കെ ഒഴിവു സമയങ്ങളിൽ കർഷകരാകണം. വീടിന്റെ പരിസരങ്ങളിൽ ഫലവൃക്ഷങ്ങളും പച്ചക്കറിതൈകളും നട്ടുപിടിപ്പിക്കണം. അങ്ങനെ നമുക്ക് കാർഷിക വൃത്തിയുടെ നന്മയെ നിലനിർത്താം.

മിശിഹായിൽ സ്നേഹപൂർവം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

NB: 2023 ജനുവരി 15-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

**നവംബർ 2022**

26 ബഹു. മാർട്ടിൻ പൊൻപനാൽ അച്ചന്റെ ഭവനത്തിലെത്തി ഭവനം വെഞ്ചരിക്കുകയും മൃതിയടഞ്ഞ വത്സലമാതാവിന് വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്തു.

* വാഴവര സെന്റ് മേരീസ് ഇടവകാതിർത്തിയിൽ പുതിയതായി നിർമ്മിക്കപ്പെട്ട കപ്പേളയുടെ വെഞ്ചരിപ്പ് കർമ്മം നടത്തുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

29 കോതമംഗലം രൂപതാംഗവും ഇടുക്കി രൂപത മുൻ വികാരി ജനറാളുമായിരുന്ന പെരിയ ബഹു. തോമസ് പെരിയപ്പുറം അച്ചന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി മുതലക്കുടം സെന്റ് ജോർജ് ഫൊറോനാ ദൈവാലയ ഹാളിൽ നടന്ന അനുമോദന സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

* ഈ വർഷം തന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പാറത്തോട് സെന്റ് ജോർജ് ഫൊറോനാ വികാരിയായ പെരിയ. ബഹു. ജോസ് ചെമ്മരപ്പള്ളിൽ അച്ചന്റെ ജൂബിലി കുർബാനയിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും ഇടവക ദിനാചരണ സമ്മേളനത്തിൽ മുഖ്യാതിഥിയാവുകയും ചെയ്തു.

30 ആനച്ചാൽ സെന്റ് ജോർജ് ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദീക മന്ദിരത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

**ഡിസംബർ 2022**

01 ബിഷപ്പ് ഹാസിൽ വച്ച് നടത്തപ്പെട്ട പ്രൊവിഡന്റ് ഫണ്ടിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

02 തടിയമ്പാട് അശോകയിലുള്ള സി.എസ്.എൻ സന്യാസിനീ ഭവനത്തിൽ വി. ബലിയർപ്പിച്ചു.

* കാൽവരി മൗണ്ട് സെന്റ് ജോർജ് ഇടവകാംഗമായ കൊല്ലക്കൊമ്പിൽ റോമിയോയുടെ ഭവനത്തിൽ പരേതയായ മാതാവ് ഏലിക്കുട്ടി സെബാസ്റ്റ്യനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകുന്ന കർഷക പ്രക്ഷോഭ പരമ്പരയുടെ ഭാഗമായി വാഴത്തോപ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ തടിയമ്പാട് വച്ച് നടന്ന കർഷക പ്രതിഷേധ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

03-04 നീലിവയൽ സെന്റ് മേരീസ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

06-07 പാലാരിവട്ടം പി.ഒ.സി. യിൽ വച്ച് നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

08 രാജാക്കാട് വാക്കാ സിറ്റിയിൽ പുതുതായി നിർമ്മിച്ച സെന്റ് ജോസഫ് യൂത്ത് ഫോർമേഷൻ സെന്ററിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

09 ബിഷപ്പ് ഹൗസിൽ ചേർന്ന മുരിക്കാശ്ശേരി പാവനാത്മാ കോളേജിന്റെ മാനേജ്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

10 ചുരുളി സെന്റ് തോമസ് ഫൊറോനാ പാരീഷ് ഹാളിൽ വച്ച് പാലിയേറ്റീവ് കെയറിന്റെ ആഭിമുഖ്യത്തിൽ നടന്ന സാന്ത്വന പരിചരണ ശുശ്രൂഷ സെമിനാറിൽ പങ്കെടുത്ത് ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു.

10-11 തോപ്രാംകുടി സെന്റ് മരിയ ഗൊരേത്തി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. നവീകരിച്ച വൈദീക മന്ദിരത്തിന്റെ വെഞ്ചരിപ്പ് കർമ്മവും നിർവ്വഹിച്ചു.

* പാറത്തോട് സെന്റ് ജോർജ് ഇടവകാംഗമായിരുന്ന പരേതനായ റെജി ചേലനിൽക്കുംതടത്തിലിന്റെ ഭവനത്തിലെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

12 വാഴവര സെന്റ് മേരീസ് ഇടവകാംഗമായിരുന്ന തോമസ് കണിയാംപറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

* രാജാക്കാട് സെന്റ് ജോസഫ് യൂത്ത് ഫോർമേഷൻ സെന്ററിൽ വച്ച് നടന്ന യുവ വൈദികരുടെ സെമിനാറിൽ പങ്കെടുത്തു.

13 മരിയാപുരം സെന്റ് മേരീസ് ഇടവകാംഗമായിരുന്ന പരേത എമ്പ്രയിൽ അന്നമ്മ ജോസഫിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

* രാജാക്കാട് സെന്റ് ജോസഫ് യൂത്ത് ഫോർമേഷൻ സെന്ററിൽ വച്ച് നടന്ന യുവ വൈദികരുടെ രണ്ടാം ബാച്ച് സെമിനാറിൽ പങ്കെടുത്തു.

14-16 രാജാക്കാട് സെന്റ് ജോസഫ് യൂത്ത് ഫോർമേഷൻ സെന്ററിൽ വച്ച് നടന്ന ഡീക്കൻമാരുടെ സംഗമത്തിൽ പങ്കുചേർന്നു.

17 കാൽവരി മൗണ്ട് ജീവൻ റ്റീ ഫാക്ടറി പുതുതായി ആരംഭിച്ച വെളിച്ചെണ്ണ മില്ലിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി ഉദ്ഘാടനം ചെയ്തു.

17-18 കിളിയാർകണ്ടം ഹോളി ഫാമിലി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

* കട്ടപ്പന സി.എസ്.ഐ. ഗാർഡനിൽ വച്ച് നടന്ന സംയുക്ത ക്രിസ്തുമസ് ആഘോഷ പരിപാടിയിൽ പങ്കെടുത്ത് ഉദ്ഘാട നകർമ്മം നിർവഹിച്ച് സന്ദേശം നൽകി.

19 വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന രൂപതയിലെ എല്ലാ വൈദികർക്കും വേണ്ടിയുള്ള പൊതുമാസ ധ്യാനത്തിൽ വി. ബലിയർപ്പിക്കുകയും വൈദികരെ അഭിസംബോധന ചെയ്യുകയും ചെയ്തു.

20 ദീപിക കരിമ്പൻ സബ് ഓഫീസ് വെഞ്ചരിക്കുകയും തുടർന്ന് ബിഷപ്പ് ഹൗസിൽ ചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയും ചെയ്തു.

* രൂപതയിൽ സേവനം ചെയ്യുന്ന സന്യാസിനീ സമൂഹങ്ങളുടെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സുമായി ബിഷപ്പ് ഹൗസിൽ വച്ച് കൂടിക്കാഴ്ച്ച നടത്തി.

* കോതമംഗലം കത്തീഡ്രൽ ഇടവകാംഗവും അഭി. പിതാവിന്റെ സഹപാഠിയുമായ ഫാ. ജെയിംസ് കാരക്കൊമ്പിലച്ചന്റെ നിര്യാതനായ വത്സല പിതാവ് കെ.സി. മാണി കാരക്കൊമ്പിലിനു വേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21 രൂപതക്കുവേണ്ടി ഈ വർഷം വൈദീക പട്ടം സ്വീകരിക്കുന്ന ഡീക്കൻമാരുടെ ഭവനങ്ങൾ സന്ദർശിച്ചു.

# BISHOP'S ENGAGEMENTS

**ജനുവരി 2023**

01 വിവാഹം - തൊടുപുഴ

കൂമ്പൻപാറ ഫാത്തിമ മാതാ ദൈവാലയത്തിന്റെ 75-ാം വാർഷികം

02 തിരുപ്പട്ടസ്വീകരണം - കൊച്ചുകാമാക്ഷി

വോളി ബോൾ ടൂർണ്ണമെന്റ് - പാവനാത്മകോളേജ്

03 ചരമവാർഷികം - തൊടുപുഴ

04 തിരുപ്പട്ടസ്വീകരണം - മാങ്കുളം

05 സുവർണ്ണ ജൂബിലി ആഘോഷം - സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ് അടിമാലി

06 സുവർണ്ണ ജൂബിലി ആഘോഷം - കഞ്ഞിക്കുഴി

07-14 സിനഡ് - കാക്കനാട്

15 തിരുനാൾ കുർബാന - അടിമാലി

കപ്പേള വെഞ്ചരിപ്പ്, വി. കുർബാന - പൊൻമുടി

16 സഭാവസ്ത്രസ്വീകരണം, പ്രഥമ വ്രതവാഗ്ദാനം, നിത്യവ്രതവാഗ്ദാനം FSDA, തോപ്രാംകുടി

16-18 യുവവൈദികരുടെ സെമിനാർ - പാസ്റ്ററൽ സെന്റർ അടിമാലി

17 മഠം വെഞ്ചരിപ്പ് - LSDP Sisters, നാരകക്കാനം

18 പാസ്റ്ററൽ കൗൺസിൽ - അടിമാലി

19 സ്കൂൾ വാർഷികം - മരിയാപുരം

വീട് വെഞ്ചരിപ്പ് - തങ്കമണി

20 സ്കൂൾ വാർഷികം - ചുരുളി

21 ജോർദ്ദാനിയ മാമ്മോദീസ - വാഴത്തോപ്പ്

മഠം വെഞ്ചരിപ്പ് - ഈട്ടിത്തോപ്പ്

22 ദൈവാലയ ശിലാസ്ഥാപനം - താന്നിക്കണ്ടം

പള്ളിമുറി വെഞ്ചരിപ്പ് - ഉദയഗിരി

23 ജൂബിലി - LAR Convent, പള്ളോട്ടൈൻ, കുതിരക്കല്ല്

25 യാത്രയയപ്പ് സമ്മേളനം - തങ്കമണി

26 വിവാഹം - അടിമാലി

വെഞ്ചരിപ്പ് - രാജമുടി

27 കുരിശുപള്ളി വെഞ്ചരിപ്പ്, കുർബാന - ആനക്കുളം

28 സിമിത്തേരി ചാപ്പൽ വെഞ്ചരിപ്പ് - പാലാർ

ചാപ്പൽ വെഞ്ചരിപ്പ് - രാജമുടി

31-01 ഫെബ്രുവരി - സെമിനാരി കമ്മീഷൻ -മംഗലപ്പുഴ, ആലുവ

## C. 01/23 പുതുവത്സരാശംസകൾ

ഏവർക്കും ആഗതമായിരിക്കുന്ന പുതുവത്സരത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. ഐശ്വര്യപൂർണ്ണവും സമാധാന പൂർവ്വകവുമായ ജീവിതം എല്ലാവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥി ക്കുന്നു.

*Bishop*

## C. 02/23 NEW APPOINTMENTS

1. Fr. Joel Mathew Vaniyapurackal OFM Cap - Asst. Vicar, St. Xavier's Church Chemmannar
2. Fr. Emmanuel Erathel OFM Cap - Asst. Vicar, St. John Maria Vianney Church Panickankudy

### Forane Directors of Deepika Friends Club

Following priests are appointed as the Forane Directors of Deepika Friends Club in the Eparchy of Idukki.

| | | |
|---|---|---|
| 1. | Rev. Fr. Thomas Valiyamangalam | : Churuly |
| 2. | Rev. Fr. Mathew Vengaloor | : Erattayar |
| 3. | Rev. Fr. George Karivelickal | : Koompanpara |
| 4. | Rev. Fr. Vincent Valiplackal | : Kunchithanny |
| 5. | Rev. Fr. George Pallivathukkal | : Mankulam |
| 6. | Rev. Fr. Varghese Mattathil | : Murickassery |
| 7. | Rev. Fr. Mathew Njavarakattu | : Nedumkandam |
| 8. | Rev. Fr. Joseph Kollakombil | : Parathodu |
| 9. | Rev. Fr. James Valiyaveettil | : Rajakad |
| 10. | Rev. Fr. Mathew Puthuparambil | : Thankamany |
| 11. | Rev. Fr. Antony Parakadavil | : Vazhathope |
| 12. | Rev. Fr. Luke Thachaparambathu | : Vellathooval |
| 13. | Rev. Fr. Joseph Koickal | : Vellayamkudy |

*Bishop*

## C. 03/23 സീറോ മലബാർ പ്രേഷിത വാരം

2023 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ പ്രേഷിത വാരമായി ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സീറോ മലബാർ പ്രേഷിത വാരം ഉചിതമായി ആചരിക്കേണ്ടതാണ്.

*Bishop*

## C. 04/23 സഭൈക്യ വാരം

2023 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി സാർവ്വത്രികസഭയിൽ ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സഭൈക്യവാരം ഉചിതമായി ആചരിക്കേണ്ടതാണ്.

*Bishop*

## C. 05/23 മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം

മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം 2023 ഫെബ്രുവരി 6-ാം തീയതി അനുസ്മരിക്കുകയാണ്. പിതാവിന്റെ ആത്മശാന്തിക്കായി അന്നേ ദിവസം പ്രത്യേക അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

## C. 06/23 യുവവൈദികരുടെ വാർഷിക സെമിനാർ

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന യുവ വൈദികർക്കായി 2023 ജനുവരി 16-ാം തീയതി 10 am മുതൽ ജനുവരി 18 -ാം തീയതി 10 am വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് വാർഷിക സെമിനാർ ക്രമീകരിച്ചിരിക്കുന്നു. 2015 ഡിസംബർ 1 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ യുവ വൈദികരും ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

*Bishop*

## C. 07/23 Pastoral Council

An ordinary meeting of the Pastoral Council of our Eparchy will be held on the 18th of January 2023 (Wednesday) at Atmajyothy Pastoral Centre, Adimaly from 10.00 AM on-

wards. All the members of the Pastoral Council are requested to participate in this meeting.

*General Secretary, Pastoral Council*

## C. 08/23 Monthly Recollection for Priests

ജനുവരി മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 266 മുതൽ 273 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto Syncellus*

## C. 09/23 വാർഷിക റിപ്പോർട്ട്

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടിനുള്ള ഫോറങ്ങൾ ഈ സഹ്യനാദത്തിനോടൊപ്പം അയയ്ക്കുന്നു. ബന്ധപ്പെട്ടവർ ഇവ കൃത്യമായി പൂരിപ്പിച്ച് ജനുവരി 30 നകം അതാതു ഫൊറോനാ വികാരിമാരെ ഏൽപ്പിക്കേണ്ടതാണ്. റിപ്പോർട്ടിൽ വിവരങ്ങൾ കഴിയുന്നത്ര കൃത്യമായി ചേർക്കുമല്ലോ.

*Chancellor*

## C. 10/23 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. ഇമ്മാനുവേൽ കുത്തനാപ്പിള്ളിൽ | – ജനുവരി 01 |
| ഫാ. കുര്യൻ കുര്യാസ് | – ജനുവരി 03 |
| ഫാ. കുര്യാക്കോസ് കാരയ്ക്കാട്ട് | – ,, |
| ഫാ. കുര്യൻ നരിക്കുഴിയിൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ വടക്കേൽ | – ജനുവരി 20 |
| ഫാ. സെബാസ്റ്റ്യൻ മേലേട്ട് | – ,, |
| ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ അമ്പാട്ടുകുന്നേൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ മഠത്തിശ്ശേരിൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ ഇളംപുരയിടത്തിൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ മനയ്ക്കലേട്ട് | – ,, |
| ഫാ. സെബാസ്റ്റ്യൻ വട്ടത്തറയിൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ | – ,, |
| ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടത്തിൽ | – ,, |

*Bishop*

## SA. 01/23 Fasting prayer

നവംബർ മാസം 27-ാം തീയതി, സീറോയിലെ പ്രയർഹൗസിൽ ഏകദിന ഉപവാസ പ്രാർത്ഥന നടന്നു. ശുശ്രൂഷകൾക്ക് ഹാപ്പോളി ഇടവകയിലെ സഹവികാരിയായ ഫാ. വർഗീസ് നേതൃത്വം നൽകി. അമ്പതോളം ആളുകൾ പങ്കെടുത്ത പ്രാർത്ഥനാ ശുശ്രൂഷകൾ ദൈവാനുഗ്രഹ പ്രദമായിരുന്നു.

## SA. 02/23 Pre Christmas celebration

സീറോയിലെ പ്രയർ ഹൗസിൽ ഡിസംബർ നാലാം തീയതി വൈകുന്നേരം പ്രീ ക്രിസ്മസ് സെലിബ്രേഷൻ നടത്തപ്പെട്ടു. 70 പേരോളം പങ്കെടുത്ത പരിപാടിയിൽ പ്രാർത്ഥനാ ശുശ്രൂഷകളും തിരി പ്രദക്ഷിണവും crib opening ഉം സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## SA. 03/23 New Appointments

Superior Ziro : Fr. Cyriac Mathoor
Superior Gumto : Fr. Kuriakose Kollappillil.

# മൈനർ സെമിനാരി

**MS. 01/23 ഹോം ഡേ**

2022 നവംബർ 26 ന് സെമിനാരിയുടെ ഇരുപതാമത് ഹോം ഡേയും പേരന്റ്സ് മീറ്റും റെക്ടർ ഫാ. സെബാസ്റ്റ്യൻ വടക്കേലിന്റെ രജത ജൂബിലിയും സംയുക്തമായി ആഘോഷിച്ചു. മാർ ജോൺ നെല്ലിക്കുന്നേൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**MS. 02/23 ഫോർത്ത് ഇയർ ഫോർമേഷൻ ഹൗസ് വെഞ്ചരിപ്പ്**

2022 ഡിസംമ്പർ 8-ന് രാജാക്കാട് വാക്കാ സിറ്റിയിൽ പുതുതായി നിർമ്മിച്ച സെമിനാരിയുടെ വെഞ്ചരിപ്പിനോടനുബന്ധിച്ചുള്ള ഒരുക്കങ്ങളിലും കപ്പേള വെഞ്ചരിപ്പിലും മൈനർ സെമിനാരി കുടുംബം ഒരുമിച്ചു പങ്കെടുത്തു.

**MS. 03/23 ക്രിസ്തുമസ് ആഘോഷം**

2022 ഡിസംബർ 22 ന് സെമിനാരിയിൽ നടന്ന കിസ്തുമസ് ആഘോഷത്തിൽ 4th year ബ്രദേഴ്സും പങ്കെടുത്തു. 23-ാം തിയതി മുതൽ ക്രിസ്തുമസ് അവധി ആരംഭിച്ചു.

# സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ പ്രോഗ്രാം

**FY. 01/23 സെന്റ് ജോസഫ് മിഷൻ ഒറീസ്സ**

പ്രേഷിത പ്രവർത്തനങ്ങൾ നേരിൽ കാണാനും അറിയാനുമായി ഒരുക്കിയ ''ഒറീസ്സാ മിഷൻ എക്സ്പീരിയൻസ് 2022'' വിജയകരമായി പൂർത്തിയാക്കി വൈദിക വിദ്യാർത്ഥികൾ ഡിസംബർ 7 ന് മടങ്ങിയെത്തി.

എം.എസ്.ടി. വൈദികരുടെ നേതൃത്വത്തിൽ പ്രവർത്തനം നടക്കുന്ന പത്തോളം മിഷൻ വില്ലേജുകളിൽ സന്ദർശനം നടത്താനും താമസിച്ചു മിഷൻ പ്രവർത്തനങ്ങളിൽ പങ്കുചേരാനും സാധിച്ചു. മിഷൻ പര്യടനത്തിന്റെ അവസാനദിവസം ഷംഷാബാദ് രൂപതാദ്ധ്യ

ക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഹൊസൂർ രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ അനുഗ്രഹാശംസകൾ നേരുകയും രൂപതയുടെ മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു.

## FY. 02/23

പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ സെന്റ് ജോസഫ് ഫോർമേഷൻ സെന്ററിന്റെ ഭവനം അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ആശീർവദിച്ചു. കൂദാശയിലും വി. കുർബാനയിലും തുടർന്നു നടന്ന ഉദ്ഘാടന ചടങ്ങിലും വൈദികരും സമർപ്പിതരും അല്മായരും പങ്കെടുത്തു. വികാരി ജനറാൾ പെ. ബഹു. അബ്രാഹം പുറയാറ്റ് സ്വാഗതമേകി. പെ.ബഹു. മോൺ. ജോസ് പ്ലാച്ചിക്കൽ നന്ദിയർപ്പിച്ചു സംസാരിച്ചു.

## FY. 03/23

10-ാം തീയതി ഇടമറ്റം അൽഫോൻസ കപ്പൂച്ചിൻ ആശ്രമത്തിൽ നിന്നും ഫോർമേഷൻ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ പുതിയ ഹൗസിലേയ്ക്കു മാറി. 11-ാം തീയതി ആഘോഷമായ വി. കുർബാനയ്ക്കുശേഷം പുതിയ ഭവനത്തിൽ പ്രവർത്തനമാരംഭിച്ചു.

## FY. 04/23

12, 13 തീയതികളിൽ Young Priest Seminar നടന്നു.

## FY. 05/23

14-ാം തീയതി മുതൽ 16 വരെ ഇടുക്കി രൂപതയിൽ പൗരോഹിത്യം സ്വീകരിക്കാനൊരുങ്ങുന്ന ഡീക്കന്മാർക്ക് പ്രാർത്ഥനാ ഒരുക്ക ദിനങ്ങൾ ക്രമീകരിച്ചു.

## FY. 06/23

17-ാം തീയതി ശനിയാഴ്ച വിശ്വാസപരിശീലനത്തിന്റെ ഭാഗമായുള്ള Yes Training Programme ന്റെ Animation Gathering ബഹു. ഫിലിപ്പ് ഐക്കരയച്ചന്റെ നേതൃത്വത്തിൽ നടന്നു.

## FY. 07/23

23-ാം തീയതി ക്രിസ്തുമസിനോടനുബന്ധിച്ചുള്ള അവധിക്ക് വിദ്യാർത്ഥികൾ ഭവനത്തിലേയ്ക്കു പോയി.

**FY. 08/23 IV Year Seminary Contribution Cont...**

| | |
|---|---|
| 1. Mavady | Rs. 50000/- |
| 2. Pandippara | Rs. 35000/- |
| 3. Karickumtholam | Rs. 10000/- |
| 4. Vellathooval | Rs. 10000/- |
| 5. Panniyarkutty | Rs. 10000/- |
| 6. Kanjikuzhy | Rs. 20000/- |
| 7. Ezhukumvayal | Rs. 30000/- |
| 8. Kuthupara | Rs. 24995.28 |
| 9. Kamakshy | Rs. 50000/- |
| 10.Muttukad | Rs. 50000/- |
| 11.Calvarymount | Rs. 50000/- |
| 12.Neelivayal | Rs. 25000/- |
| Rev. Fr. George Mullappillil MST | Rs. 30000/- |
| Rev. Fr. Joseph Kollakompil | Rs. 25000/- |
| **Congregations:** | |
| SABS Jai Matha Province Idukki | Rs. 500000/- |
| SH Navajyothi Province Idukki | Rs. 200000/- |
| CMC Carmelgiri Province Adimaly | Rs. 150000/- |
| MSJ St. Joseph's Province Kothamangalam | Rs. 100000/- |
| CSN St. Mary's Province Kothamangalam | Rs. 50000/- |
| St. Marthas (Sr. Anit CSM) | Rs. 40000/- |
| FCC Nirmal Rani Province Murickassery | Rs. 100000/- |
| SD St. Vincent Province Kothamangalam | Rs. 50000/- |

# സന്യസ്തർ

## 1. എഫ്.സി.സി. സന്യാസിനീസമൂഹം

❖ ഇരട്ടയാർ മഠത്തോടനുബന്ധിച്ച് പണിത ഏതാനും മുറികളുടെ വെഞ്ചരിപ്പ് കർമ്മം റവ. ഫാ. ജോസ് കരിവേലിക്കൽ നിർവഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണയും കൗൺസിലേഴ്സും ഏതാനും സിസ്റ്റേഴ്സും ഈ മംഗളകർമ്മത്തിൽ പങ്കെടുത്തു.

❖ FCC നിർമൽറാണി പ്രോവിൻസിലെ മഡോണ ധ്യാന ടീം സി. മെർളിയുടെ നേതൃത്വത്തിൽ തങ്കമണി, ഇരട്ടയാർ എന്നിവിടങ്ങളിലെ സ്കൂൾ കുട്ടികൾക്കായ് മൂന്നു ദിവസത്തെ ധ്യാന പരിപാടികൾ നടത്തി. ഇരട്ടയാർ-500, തങ്കമണി-150 കുട്ടികൾ ഈ ധ്യാനത്തിൽ പങ്കെടുത്തു.

❖ ഇടുക്കി രൂപയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന യേശു സാഹോദര്യ കൂട്ടായ്മയിൽ പങ്കുചേർന്നുകൊണ്ട് സി. ജൂലിയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ദേവികുളം സബ്ജെയിൽ സന്ദർശിച്ച് പ്രാർത്ഥിക്കുകയും കൗൺസിലിംഗ് നൽകുകയും ചെയ്തു. ക്രിസ്തുമസിനോടനുബന്ധിച്ച് റവ. ഫാ. ജോയിസ് കൊച്ചിത്തറയുടെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണയോടൊപ്പം സിസ്റ്റേഴ്സ് ജയിൽ സന്ദർശിച്ച് ക്രിസ്തുമസ് ആശംസകൾ കൈമാറുകയും കേക്ക് മുറിച്ച് മംഗളങ്ങൾ നേരുകയും ചെയ്തു. പ്രോഗ്രാമുകൾ നടത്തിയും സമ്മാനങ്ങൾ നൽകിയും അവരോടൊപ്പം സന്തോഷത്തിൽ പങ്കുചേർന്നു.

❖ ആഫ്രിക്കയിലെ ടാൻസാനിയയിൽ നിന്നും ദൈവവിളി സ്വീകരിച്ച് പരിശീലനം പൂർത്തിയാക്കിയ സി. എഡിന ആഗസ്റ്റി ടെഷ സഭാവസ്ത്രം സ്വീകരിച്ച് പ്രഥമ വാഗ്ദാനം നടത്തി. റ്റാൻസാനിയയിൽ മോഷി രൂപതയിലെ ഉസെറി ഇടവകയിൽ കർഷകരായ അഗസ്റ്റി ഹെർബട്ട് ടെഷാ, ഫെബ്രോണിയ ആൽഫ്രഡ് ടെഷാ എന്നീ ക്രൈസ്തവ ദമ്പതികളുടെ എട്ടു മക്കളിൽ അഞ്ചാമത്തെ മകളാണ് സി. എഡിന അഗസ്റ്റി ടെഷാ. സി. എഡിന ആഗസ്റ്റി ടെഷാ ഇടുക്കി നിർമ്മൽ റാണി പ്രോവിൻസിലെ റ്റാൻസാനിയ മിഷനിൽ സേവനം ചെയ്യുന്നതിന് വേണ്ടിയാണ് വ്രതവാഗ്ദാനം നടത്തി

യിരിക്കുന്നത്. 2022 ഡിസംബർ മൂന്നിന് ഡാറേസലാം അതിരൂപത ബിഷപ്പ് യുദാ തദ്ദേയ് റൂവൈച്ചി പിതാവിന്റെ മുഖ്യകാർമികത്വ ത്തിൽ നടന്ന ചടങ്ങുകളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ കൗൺസിലർ സി. ഷാലെറ്റ് എന്നിവർ പങ്കെടുത്തു.

- ❖ കീരിത്തോട് ഇടവകയിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി ABIDE 22 എന്ന പേരിൽ സി. ജിസിയുടെ നേതൃത്വത്തിൽ വൺ ഡേ സെമിനാർ നടത്തി.
- ❖ ഇടുക്കി രൂപതയുടെ സെന്റ് ജോസഫ്സ് ഫോർമേഷൻ ഹൗ സിന്റെ ആശീർവ്വാദ കർമ്മത്തിൽ അസി. പ്രൊവിൻഷ്യൽ സുപ്പീ രിയർ സി. റോസിൻ, കൗൺസിലർ സി. ബെന്നോ എന്നിവർ പങ്കെടുത്തു.
- ❖ ഇടുക്കി രൂപതാ കാര്യാലയത്തിൽ വച്ച് നടത്തപ്പെട്ട സിനഡൽ പ്രോസസ് സെക്കൻഡ് സ്റ്റേജ് മീറ്റിങ്ങിൽ കൗൺസിലേഴ്സ് സി. ബെന്നോ, സി. ബിൻസ് മരിയ എന്നിവർ പങ്കെടുത്തു.
- ❖ സെന്റ് പിയോ കൗൺസിലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് സി. ജൂലിയുടെ നേതൃ ത്വത്തിൽ നടത്തിയ ഓൺലൈൻ പ്രസംഗമത്സര വിജയികളെ ആദരിച്ച മീറ്റിംഗിൽ വെരി. റവ. മോൺ. ജോസ് പ്ലാച്ചിക്കൽ മുഖ്യ പ്രഭാഷണം നടത്തി സമ്മാനദാന കർമ്മം നിർവ്വഹിച്ചു. പ്രൊവിൻ ഷ്യൽ സുപ്പീരിയർ സി. സുഗുണ, സി. ഷാന്റി ക്ലെയർ, സി. ആനി സെബാസ്റ്റ്യൻ എന്നിവർ ആശംസകളർപ്പിച്ചു.
- ❖ മുരിക്കാശ്ശേരി അൽഫോൻസാ ഹോസ്പിറ്റലിൽ, പാലാ മാർ സ്ലീ വാ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. മാർ സ്ലീവാ ഹോസ്പിറ്റലിലെ വിദഗ്ധരായ ഡോ ക്ടേഴ്സും അൽഫോൻസാ ഹോസ്പിറ്റലിലെ ഡോക്ടേഴ്സും സ്റ്റാ ഫ് അംഗങ്ങളും ഹോസ്പിറ്റൽ ഡയറക്ടർ ഡോ. സി. സുഗുണ, അഡ്മിനിസ്ട്രേറ്റർ സി. ഷാന്റി ക്ലെയർ എന്നിവർക്കൊപ്പം ഈ ക്യാമ്പിന് നേതൃത്വം നൽകി.

## 2. ആരാധനാ സന്യാസിനീ സമൂഹം (SABS)

- ❖ ചങ്ങനാശേരി അതിരൂപതയിലെ ചമ്പക്കുളം ഇടവകയിൽ വച്ചുന ടന്ന ഹോം മിഷനിൽ സി. ആൽബിൻ കാക്കനാട്ട്, സി. പ്രിൻസി അമ്പഴത്തിനാൽ എന്നിവർ സംബന്ധിച്ചു.

❖ കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഡിസംബർ 11-ാം തീയതി അഖണ്ഡ ജപമാലയും നൈറ്റ് വിജിലും നടത്തി. സിസ്റ്റേഴ്സിനോടൊപ്പം കുതിരക്കല്ല് ഇടവകാംഗങ്ങളും അഖണ്ഡ ജപമാലയിൽ പങ്കെടുത്തു.

❖ ഇടുക്കി രൂപതയിലെ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ പത്താം തീയതി ചുരുളിയിൽ വച്ച് നടന്ന സാന്ത്വന ശുശ്രൂഷാ പരിശീലന സെമിനാറിൽ ഇടുക്കി SABS ജയ്മാതാ പ്രൊവിൻസിലെ എല്ലാ മഠങ്ങളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ സിസ്റ്റർ അൽഫോൻസ് കടമ്പനാട്ടിന്റെ നേതൃത്വത്തിൽ കുതിരക്കല്ല് ഇടവകയിൽപ്പെട്ട വിധവകളായ അമ്മമാരെ (നവോമി കൂട്ടായ്മ) ഒന്നിച്ചു കൂട്ടുകയും തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കാനായി കൊണ്ടുപോവുകയും ചെയ്തു.

സി. അൽഫോൻസ് കടമ്പനാട്, സി. ആൻസ് മരിയ കാട്ടിപ്പുര ഇവരുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലാ ആശുപത്രിയിലെ നിർധനരായ രോഗികളെ സന്ദർശിക്കുകയും അവർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

❖ ഡിസംബർ 16-ാം തീയതി കുതിരക്കല്ല് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന സീറോ മലബാർ സഭയ്ക്ക് വേണ്ടിയും ഇടുക്കി രൂപതയ്ക്ക് വേണ്ടിയും ലോകം മുഴുവനും വേണ്ടിയും പ്രത്യേകം നിയോഗം വച്ച് പ്രാർത്ഥിച്ചു.

❖ ഡിസംബർ പതിനെട്ടാം തീയതി തൂക്കുപാലം YMCA യുടെ ആഭിമുഖ്യത്തിൽ തൂക്കുപാലം വിജയ മാതാ പബ്ലിക് സ്കൂളിൽ വച്ച് നടന്ന സംയുക്ത ക്രിസ്തുമസ് ആഘോഷത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മ ക്രിസ്തുമസ് സന്ദേശം നൽകി.

## 3. കർമ്മലമാതാവിന്റെ സന്യാസിനീ സമൂഹം (CMC)

❖ **ക്രിസ്റ്റീൻ ധ്യാനം :**

വെണ്മണി ഇടവകയിൽ 7-ാംക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനം നടത്തി.

❖ പൈനാവിലെ സൺഡേസ്കൂൾ കുട്ടികൾക്കായി ഏകദിന ധ്യാനം സിസ്റ്റേഴ്സ് നടത്തി.

❖ സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ചസിന്റെ നേതൃത്വത്തിൽ സിദ്ധി എന്ന പേരിൽ സംഘടിപ്പിച്ച അഞ്ചാമത് സംസ്ഥാന സ്പെഷ്യൽ എംപ്ലോയീസ് മീറ്റിൽ മച്ചിപ്ലാവ് കാർമൽ ജ്യോതി സ്പെഷ്യൽ സ്കൂൾ ഒന്നാമതെത്തി.

❖ നെടുങ്കണ്ടം സിയോൻ ചാരിറ്റബിൾ സൊസൈറ്റിയുടെ വാർഷിക ആഘോഷം നടത്തപ്പെട്ടു. ബഹു. പ്രൊവിൻഷ്യൽ Superior, Councillors എന്നിവർ ആശംസകൾ അർപ്പിച്ചു. Director Sr. Claris, Sr. Jasmine, Sr. Anite, CEON Staff എന്നിവർ നേതൃത്വം നൽകി.

## 4. തിരുഹൃദയ സന്യാസിനീസമൂഹം (SH)

❖ പാറശ്ശാല രൂപത, നെയ്യാറ്റിൻകര വൈദീക ജില്ല മലങ്കര കാത്തലിക് അസ്സോസ്സിയേഷൻ സൺഡേ സ്കൂൾ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ഡിസംബർ 4 ന് സംഘടിപ്പിച്ച വൺ ഡേ സെമിനാറിൽ Drug abuse – Medical Consequences എന്ന വിഷയത്തെ ആസ്പദമാക്കി സി ലിൻസ് റോസ് ചെത്തിയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ നീറിക്കോട് മെറ്റനോയിയ കൗൺസലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ, മേലൂർ ഹൈസ്കൂൾ കുട്ടികളുടെ പേരന്റ്സിന് Effective Parenting എന്ന വിഷയത്തെക്കുറിച്ചും മുള്ളരിങ്ങാട് എച്ച് എസ് എസ് ലെ കുട്ടികൾക്ക് Adolescents and Mental Health എന്ന വിഷയത്തെക്കുറിച്ചും സി നാൻസി മരിയ മാപ്രയിൽ എസ് എച്ച് ക്ലാസ്സുകൾ എടുത്തു.

❖ ഡിസംബർ 4 മുതൽ 16 വരെ ഗോവയിലെ Matre Dei Institute-ൽ വച്ചുനടന്ന ഫോർമേറ്റേഴ്സ് കോഴ്സിൽ Psychological testing and assessment എന്ന വിഷയത്തെ ആസ്പദമാക്കി സി. നാൻസി മരിയ മാപ്രയിൽ എസ് എച്ച് ക്ലാസ്സുകൾ എടുത്തു.

❖ രൂപതയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 10-ാം തീയതി ചുരുളി പള്ളിയിൽ വച്ചുനടന്ന സാന്ത്വനശുശ്രൂഷാ പരിചരണ സെമിനാറിൽ വിവിധ കമ്യൂണിറ്റികളിൽ നിന്നുള്ള സിസ്റ്റേഴ്സ് സംബന്ധിച്ചു.

❖ ജയിൽ മിനിസ്ട്രിയുടെ ഭാഗമായി സി. ആൻമേരി കീരംചിറ എസ് എച്ച്, സി മെർലി കൊന്നയ്ക്കൽ എസ് എച്ച്, സി. ജാസ്മിൻ പുന്നപ്ലായ്ക്കൽ എസ് എച്ച്, സി. നിസി പന്നയ്ക്കൽ എസ് എച്ച് എന്നിവർ ദേവികുളം സബ്ജയിൽ സന്ദർശിക്കുകയും ജയിൽനിവാസികൾക്ക് കൗൺസലിംഗ് നല്കുകയും ചെയ്തു.

❖ സാമൂഹ്യക്ഷേമ പ്രവർത്തന മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി കാരിത്താസ് ഇൻഡ്യ ഷിമോഗയിൽ വച്ച് സംഘടിപ്പിച്ച 18 ദിവസത്തെ ഡവലപ്മെന്റ് ഡൈനാമിക് കോഴ്സിൽ സി. ട്രീസ മേരി കൊച്ചുപുരയ്ക്കൽ സംബന്ധിച്ചു.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എഴുകുംവയലിൽ സാരഥി ആരംഭിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. സാരഥി സംസ്ഥാന ഡയറക്ടർ ഫാ. സിന്റോ തൊറയൻ മുഖ്യപ്രഭാഷണം നടത്തി. ഡ്രൈവിംഗ് മേഖലയിൽ 25 വർഷം പൂർത്തിയാക്കിയ 2 പേരെ ആദരിച്ചു.

❖ നവംബർ 15-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന കെ. സി.ബി.സി. വുമൺസ് കമ്മീഷന്റെ സോണൽ മീറ്റിംഗിൽ സി. ട്രീസ ജോസ് കൊച്ചുപറമ്പിൽ എസ് എച്ച് സംബന്ധിച്ചു.

❖ നവംബർ 27-ാം തീയതി രാജമുടി ക്രിസ്തുരാജ് സൺഡേ സ്കൂൾ കുട്ടികൾക്കായി എകദിന ധ്യാനം നടത്തി.

❖ ഡിസംബർ മാസം മുതൽ ഇരുമ്പുപാലം മഠത്തിൽ സി. ബെസ്സി കിഴക്കേടത്ത് എസ് എച്ച് ന്റെ നേതൃത്വത്തിൽ സ്ത്രീകൾക്കായുള്ള തയ്യിൽ പരിശീലനം ആരംഭിച്ചു.

## 5. അഗതികളുടെ സന്യാസിനി സമൂഹം (SD)

❖ ഉദയഗിരിയിലെ പുതുക്കിപ്പണിത SD കോൺവെന്റിന്റെയും ചാപ്പലിന്റെയും വെഞ്ചിരിപ്പ് കർമ്മം അഭിവന്ദ്യ മാർ നെല്ലിക്കുന്നേൽ പിതാവ് നിർവഹിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

❖ മറയൂർ വട്ടവട പ്രദേശങ്ങളിൽ സഹായഗിരി ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മെഡിക്കൽ കൗൺസിലർ സി. ലിസ്സറ്റും ഡോ. സി. ജീൻ റോസും, ഡോ. സി. ജാൻസി ട്രീസയും, സഹോദരിമാരും ചേർന്ന് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.

❖ കുരിശുപാറ, മാങ്കുളം, ആനക്കുളം പ്രദേശങ്ങളിൽ മെഡിക്കൽ

കൗൺസിലർ സി. ലിസറ്റിന്റെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി

- ❖ കേരള സഭ എന്ന വിഷയത്തെക്കുറിച്ച് ഇരിങ്ങാലക്കുട രൂപത സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിൽ സി. നവ്യ കൊച്ചുപറമ്പിൽ ഒന്നാം സമ്മാനത്തിന് അർഹയായി.
- ❖ സമർപ്പിതരും പൊതുസമൂഹവും എന്ന വിഷയത്തെക്കുറിച്ച് അഡ്വക്കേറ്റ് സി. ജോസിയാ എസ് ഡി സംഘടിപ്പിച്ച vebnaril സിസ്റ്റേഴ്സ് പങ്കെടുത്തു.
- ❖ മണ്ഡപം, കണ്ണോത്ത് എന്നീ ഇടവകകളിൽ സിസ്റ്റേഴ്സ് ഹോംമിഷൻ നടത്തി.
- ❖ സി. ജസ്റ്റി മരിയ ചിറ്റേമാരിയുടെ സിൽവർ ജൂബിലിയോട് അനുബന്ധിച്ച് അഭിവന്ദ്യ പിതാവ് തോക്കുപാറ ഇടവകയിൽ ജൂബിലി കുർബാന അർപ്പിച്ച് സന്ദേശം നൽകി.

## ക്രിസ്തുജ്യോതി

### CJ. 01/23 പുതുവർഷാശംസകൾ

കർത്താവിൽ അഭിമാനിച്ചുകൊണ്ട് പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി കർത്താവ് പ്രശംസിക്കുന്ന സ്വീകാര്യരായ വ്യക്തികളായിത്തീർന്ന് ഈ പുതുവർഷത്തെ നമുക്ക് സന്തോഷത്തോടെ വരവേൽക്കാം. ക്രിസ്തുജ്യോതി കുടുംബത്തിലെ എല്ലാവർക്കും പുതുവത്സരാശംസകൾ നേരുകയും ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### CJ. 02/23 മേഖലാ കൗൺസിൽ മെംമ്പേഴ്സ് ട്രെയിനിംഗ്

2023 ജനവരി 26-ാം തീയതി 13 മേഖലകളിലേയും കൗൺസിൽ മെംമ്പേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ട് സുവിശേഷോത്സവ് പരിശീലന സെമിനാർ സംഘടിപ്പിക്കുന്നു.എല്ലാ കൗൺസിൽ മെംമ്പേഴ്സും നിർബന്ധമായും ഈ സെമിനാറിൽ പങ്കെടുക്കണം. ഓരോ മേഖലകളിൽ നിന്നും 3 പേരിൽ കുറയരുത്. പരിശീലനം ലഭിക്കുന്ന ഇവരായിരിക്കും മറ്റ് അധ്യാപകർക്ക് പരിശീലനം നൽകു

ന്നത്. സെമിനാർ സംഘടിപ്പിക്കുന്ന സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

## CJ. 03/23 വാർഷിക പരീക്ഷ

ഉയിർപ്പു തിരുനാൾ കഴിഞ്ഞതിനുശേഷമായിരിക്കും 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ നടത്തുക. X, XII ക്ലാസുകളിലെ കുട്ടികൾക്ക് പാഠപുസ്തകത്തിലെ മുഴുവൻ അധ്യായങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## CJ. 04/23 "YES" ട്രെയിനിംഗ് ക്യാമ്പ്

സെന്റ് ജെയിംസ്, സെന്റ് മാത്യുസ്, സെന്റ് ആൻഡ്രൂസ് ബാച്ചുകളിൽപ്പെട്ട കുട്ടികളുടെ "YES" ട്രെയിനിംഗ് ക്യാമ്പ് 2022 ഡിസംബർ 26 മുതൽ 29 വരെ വിവിധ കേന്ദ്രങ്ങളിലായി സംഘടിപ്പിച്ചു. ട്രെയിനിംഗ് നയിച്ചവരേയും പങ്കെടുത്ത കുട്ടികളേയും പ്രത്യേകം അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## CJ. 05/23 GEMS

മികച്ച ജോലി തേടി വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറുന്ന വിദ്യാർഥികളുടെ എണ്ണം ഏറി വരുന്ന കാലത്താണ് നാം ജീവിക്കുന്നത്. എന്നാൽ മികച്ച ശമ്പളമുള്ള, അധികാരമുള്ള, സമൂഹത്തിന്റെ ആദരവ് ലഭിക്കുന്ന, ധാരാളം ആളുകളെ നേരിട്ട് സഹായിക്കാൻ കഴിയുന്ന അനവധി ജോലി സാധ്യതകൾ നമ്മുടെ നാട്ടിൽ സർക്കാർ മേഖലയിൽ തന്നെ ലഭ്യമാണ്. എൽ.ഡി. ക്ലാർക്ക് മുതൽ ജില്ലാ കളക്ടർ വരെ ആയിരകണക്കിന് അവസരങ്ങളെക്കുറിച്ചുള്ള അവബോധം നമ്മുടെ ഇടയിൽ കുറവാണ്. 44 ലക്ഷത്തോളം ഉദ്യോഗസ്ഥരാണ് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത്.

സിവിൽ സർവീസിലും മറ്റ് സർക്കാർ സർവീസിലുമുള്ള ക്രൈസ്തവരുടെ പ്രാതിനിധ്യം വളരെ കുറവാണ്. അതിന്റെ പ്രധാന കാരണം ഇത്തരം വലിയ അവസരങ്ങളെക്കുറിച്ചും, അതിന്റെ സാധ്യതകളെക്കുറിച്ചുമുള്ള ശരിയായ അവബോധം തക്കസമയത്തു നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്നില്ല എന്നതാണ്. അതിനുള്ള വേര് പാകാൻ ഏറ്റവും നല്ല സമയം സ്കൂൾ കാലഘട്ടമാണ്.

സിവിൽ സർവീസ് ഉൾപ്പടെ നൂറ്റമ്പതോളം സർക്കാർ മത്സര പരീക്ഷകളിൽ നമ്മുടെ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം വർ

ഢിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്യുന്ന ദീർഘ കാല പദ്ധതിയാണ് പ്രൊജക്റ്റ് ജെംസ്. GEMS (Government Exams Mentoring for School Students).

കഴിഞ്ഞ 18 വർഷമായി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന Race2Excellence Private Limited എന്ന സ്ഥാപനവുമായി സഹകരിച്ചാണ് ക്രിസ്തു ജ്യോതി വിശ്വാസ ജീവിത പരിശീലന കേന്ദ്രവും ടീച്ചേഴ്സ് ഗിൽഡും ചേർന്ന് ഇപ്രകാരം ഒരു പദ്ധതി കഴിഞ്ഞ വർഷം മുതൽ നടപ്പാക്കുന്നത്.

**പരിശീലനം**

അടുത്ത അധ്യയന വർഷം ഏഴാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർഥികൾക്കു വേണ്ടിയാണ് ഈ പരിശീലന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഏഴാം ക്ലാസിൽ വച്ച് ഈ പരിശീലന പദ്ധതിയുടെ ഭാഗമാകുന്ന വിദ്യാർത്ഥികളെ അടുത്ത 10 വർഷം കൊണ്ട് പ്രധാനപ്പെട്ട സർക്കാർ ഉദ്യോഗങ്ങളിലേക്ക് നയിക്കുക എന്നതാണു പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. ഇപ്പോൾ ആറാം ക്ലാസ്സിൽ പഠിക്കുന്ന രൂപതാ തലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന വിദ്യാർത്ഥികൾക്കായിരിക്കും പ്രവേശനം. പദ്ധതിയെക്കുറിച്ച് വിശദമാക്കാൻ ഫൊറോന തലത്തിൽ വെബിനാറുകൾ ക്രമീകരിച്ചിരിക്കുന്നു. ആറാം ക്ലാസിൽ മതബോധനം നടത്തുന്ന അധ്യാപകർക്ക് ഇതിനെക്കുറിച്ച് അറിയാൻ ഡിസംബർ 9 വെള്ളി രാത്രി 08:30 ന് ഗൂഗിൾ മീറ്റ് ഉണ്ടായിരിക്കും.

മാതാപിതാക്കൾക്കും കുട്ടികൾക്കും ഇതേപ്പറ്റി അറിയാൻ വിവിധ ദിവസങ്ങളിൽ വെബിനാറുകൾ നടത്തി.

**പദ്ധതി നടപ്പാക്കുന്നത്**

Race2IAS Testination Learning App ലൂടെയാണ് പരിശീലനം. എല്ലാ ദിവസവും അര മണിക്കൂർ മാറ്റിവച്ചാൽ വീഡിയോ ക്ലാസുകൾ കാണാം, ക്ലാസ് നോട്ടുകൾ പഠിക്കാം, പരീക്ഷയും എഴുതാം. ഒപ്പം Current Affairs നോട്ടുകളും ലഭ്യമാണ്.

പഠന പുരോഗതി വിലയിരുത്താനും പത്ര വായന ഉൾപ്പെടെയുള്ള നല്ല ശീലങ്ങളിൽ കുട്ടികളെ വളർത്തി കൊണ്ടുവരാനും എല്ലാ

വിദ്യാർഥികൾക്കും ഒരു മെന്ററിനെ ലഭിക്കുന്നതാണ്. വിദ്യാർഥിയുടെ പഠന യാത്രയിൽ എന്നും മെന്റർ കൂടെയുണ്ടാകും.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

സിവിൽ സർവീസ്, സ്റ്റാഫ് സെലെക്ഷൻ കമ്മീഷൻ (SSC), കംബൈൻഡ് ഡിഫെൻസ് സർവീസ് (CDS), കേരള അഡ്മിനിസ്ട്രേറ്റിവ് സർവീസ്, റിസർവ് ബാങ്ക്, ഇന്ത്യൻ റെയിൽവേ തുടങ്ങി ഉയർന്ന ശമ്പളമുള്ള, സാധ്യതകൾ ഉള്ള സർക്കാർ ജോലികളെക്കുറിച്ച് വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും അവബോധം നൽകി അവരെ ആ ലക്ഷ്യത്തിലെത്തിക്കുക.

ഡൽഹി യൂണിവേഴ്സിറ്റിയും, കേന്ദ്ര സർവ്വകലാശാലകളും രാജ്യത്തെ മറ്റു പ്രധാനപ്പെട്ട സർവകലാശാലകളും നടത്തുന്ന പ്രവേശന പരീക്ഷകളിൽ വിജയിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കി മികച്ച ഉന്നത വിദ്യാഭ്യാസം നമ്മുടെ മക്കൾക്ക് ഉറപ്പു വരുത്തുക.

NTSE, USS, NMMS തുടങ്ങിയ സ്കൂൾ തലത്തിലുള്ള വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയിക്കാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക.

**പ്രോജക്റ്റ് GEMS അനുബന്ധ പദ്ധതികൾ**

GEMS വിദ്യാർത്ഥികൾക്കായി സൗജന്യമായി നടപ്പാക്കി വരുന്ന അനുബന്ധ പദ്ധതികൾ.

**മിഷൻ USS**

യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന ഏഴാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക്.

**മിഷൻ NMMS**

NMMS സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന എട്ടാം ക്ലാസ് വിദ്യാർഥികൾക്കു വേണ്ടി.

**മിഷൻ സൈനിക്**

സൈനിക് സ്കൂൾ പ്രവേശന പരീക്ഷക്കു വേണ്ടിയുള്ള പരിശീലനം.

**കൂടുതൽ വിവരങ്ങൾക്ക് : 9544978919 (നിതിൻ), 9037742749 (അമൽ)**

## CJ. 06/23 YES

'YES' എന്നാൽ - Yield Everything in Spirit (ആത്മാവിൽ എല്ലാം ആർജ്ജിക്കുക). ഈ ജീവിത പരിശീലന പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത് ബാഹ്യമായ അർത്ഥത്തേക്കാൾ ഒരു പടി കൂടി ഉയർന്ന്, ദൈവാത്മാവിന്റെ പ്രചോദനങ്ങളോട് 'YES' പറയുന്ന ഒരു തലമുറയുടെ രൂപീകരണമാണ്. നന്മയുടെ നിറവും സ്നേഹ ചൈതന്യവും ഉത്തമ ബോധ്യങ്ങളും ഉള്ള ഒരു തലമുറയെയാണ് നാളെയുടെ ലോകത്തിനാവശ്യം. ഇങ്ങനെയുള്ള ഒരു തലമുറയെ രൂപപ്പെടുത്തുവാനുള്ള പരിശീലന പരിപാടിയാണ് 'YES'. 6 വർഷങ്ങൾ നീണ്ടുനിൽക്കുന്ന ഒരു തുടർ പരിശീലനമാണിത്. ക്യാമ്പുകളിലൂടെയും ദിവസേനയുള്ള പ്രവർത്തനങ്ങളിലൂടെയുമാണ് ഈ പരിശീലനം മുന്നേറുക. വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്ന ക്യാമ്പുകളും, ജീവിതത്തെ വാർത്തെടുക്കുന്ന 60 പ്രവർത്തന പുസ്തകങ്ങളിലൂടെയുമാണ് ഈ പരിശീലനം പൂർത്തിയാകുക. 6 വർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലന പരിപാടി കഴിയുമ്പോൾ, പൂർത്തിയാക്കുന്നവർക്ക് എന്തു ലഭിക്കും? ഉത്തരമിതാണ്; പരാജയങ്ങളേയും വിജയങ്ങളേയും ഒന്നുപോലെ അഭിമുഖീകരിക്കാനുള്ള കഴിവ്, സങ്കടങ്ങളേയും സന്തോഷത്തേയും സമചിത്തതയോടെ സ്വീകരിക്കുവാനുള്ള മനോധൈര്യം, ഉള്ളിലെ സ്വപ്നങ്ങൾക്ക് തീ പിടിപ്പിച്ച് അതു നേടിയെടുക്കാനുള്ള ഇച്ഛാശക്തി, വിശുദ്ധ വ്യക്തിത്വ രൂപീകരണം എന്നിവ നേടിയെടുക്കാം. ആദ്യ ബാച്ച് പരിശീലനം പൂർത്തിയാക്കി. നിലവിൽ ഇപ്പോൾ 6 ബാച്ചുകൾ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള (അടുത്ത വർഷം ഏഴാം ക്ലാസിൽ പ്രവേശിക്കുന്ന കുട്ടികൾ) കുട്ടികൾക്കുള്ള പ്രവേശന പരീക്ഷ 2023 ഫെബ്രുവരി 26 നും ഇന്റർവ്യൂ ഏപ്രിൽ 18, 19 തീയതികളിലും നടത്തപ്പെടുന്നു. ക്രിസ്തുമസ് അവധിക്ക് നാലു ബാച്ചിലെ കുട്ടികളുടെ ക്യാമ്പുകൾ നടത്തപ്പെടുന്നു. ഏപ്രിൽ-മെയ് മാസങ്ങളിലായി എല്ലാ ബാച്ചിലെ കുട്ടികൾക്കും ക്യാമ്പുകൾ ക്രമീകരിച്ചിട്ടുണ്ട്.

**കൂടുതൽ വിവരങ്ങൾക്ക്**

സി. നമിത സിഎംസി 8547311691
ശ്രീ. ജിജി വട്ടമലയിൽ 8547376491
ശ്രീ. മാത്യൂസ് ഐക്കര 9446865015

## Edn. 01/23 വേദപാഠം - സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷ

2022-23 അധ്യായന വർഷത്തെ വേദപാഠം - സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷ 2023 ജനുവരി മാസം 6-ാം തിയതി വെള്ളിയാഴ്ച നടത്തുന്നതാണ്. കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മിഷന്റെ ചോദ്യ പേപ്പറുകളാണ് സന്മാർഗ്ഗശാസ്ത്രത്തിന് ഉപയോഗിക്കുക. പ്രധാനാ ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

## Edn. 02/23 അക്കാഡമിക് കൗൺസിൽ സ്കോളർഷിപ് പരീക്ഷ

ഇടുക്കി രൂപതാ അക്കാഡമിക് കൗൺസിൽ സ്കൂൾതല മത്സരപരീക്ഷ അതാത് സ്കൂളുകളിൽ വച്ച് 2023 ജനുവരി മാസം 27-ാം തിയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്തും രൂപതാതല പരീക്ഷ 2023 ഫെബ്രുവരി 24 വെള്ളിയാഴ്ച രാവിലെ 10 മണിമുതൽ 12 മണി വരെ നിശ്ചയിക്കപ്പെട്ട സെന്ററുകളി ലുമായി നടത്തുന്നതാണ്.

## Edn. 03/23 വേദപാഠം - സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ് പരീക്ഷ

വേദപാഠം - സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷ 4, 7, 10, 12 ക്ലാസുകളിലെ കുട്ടികൾക്കായി 13-02-2023 തിങ്കളാഴ്ച രാവി ലെ 10 മണിമുതൽ 12 മണി വരെ നിശ്ചയിക്കപ്പെട്ട സെന്ററുകളിലായി നടത്തുന്നതാണ്. വിശദവിവരങ്ങൾ സർക്കുലർവഴി അറിയിക്കുന്ന താണ്.

## Edn. 04/23 അധ്യാപക അനധ്യാപക സംഗമം

2022-23 അധ്യായന വർഷത്തെ നമ്മുടെ അധ്യാപക അന ധ്യാപക സംഗമം ഫെബ്രുവരി മാസം 11-ാം തീയതി ശനിയാഴ്ച നട ത്തുന്നതാണ്. ഈ സംഗമത്തിൽ വിദ്യാഭ്യാസ ഏജൻസിയിലെ എല്ലാ സ്കൂളുകളിലെയും അധ്യാപക അനധ്യാപകർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. വിശ ദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## Edn. 05/23 അധ്യാപക അനധ്യാപക അവാർഡ്

ഈ വർഷത്തെ മികച്ച അധ്യാപക അനധ്യാപക അവാർഡിനായി തിരഞ്ഞെടുക്കപ്പെടുവാൻ അർഹതയുള്ളവരെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ 2023 ജനുവരി 31-ന് മുമ്പ് രൂപതാ ഓഫീസിൽ നിശ്ചിത ഫോറത്തിൽ എത്തിക്കേണ്ടതാണ്.

## Edn. 06/23 പ്രൊമോഷൻ, ട്രാൻസ്ഫർ അപേക്ഷ

വിദ്യാഭ്യാസ ഏജൻസിയിലെ സ്കൂളുകളിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന അധ്യാപകർ H.M, HST, HSST മുതലായ തസ്തികകളിലേക്കള്ള പ്രൊമോഷൻ, ട്രാൻസ്ഫർ എന്നിവയ്ക്കുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ 2023 ജനുവരി 31-ന് മുമ്പ് രൂപതാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

# പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

## PCM. 01/23

നവംബർ 23 ന് പാവനാത്മാ കോളേജ് റൈഡേഴ്സ് ക്ലബ്ബിന്റെയും കട്ടപ്പന മാതാ ഡ്രൈവിംഗ് സ്കൂളിന്റെയും നേതൃത്വത്തിൽ ഡ്രൈവിംഗ് ലൈസൻസ് ഡ്രൈവ് ഉദ്ഘടനവും, പ്രീ ഡ്രൈവിംഗ് ടെസ്റ്റ്, അവയർനസ് ക്ലാസ്സ് തുടങ്ങിയവയും സംഘടിപ്പിച്ചു. ഇടുക്കി RTO, MVD ക്ലാസുകൾ നയിച്ചു.

## PCM. 02/23

നവംബർ 24 ന് പാവനാത്മാ കോളേജിൽ മ്യൂസിക് ക്ലബ് ആരംഭിച്ചു. പ്രശസ്ത ഗായിക ശ്രീമതി അഞ്ചു എബ്രഹാം ഉദ്ഘാടനം ചെയ്തു.

## PCM. 03/23

നവംബർ 25 ന് പാവനാത്മാ കരിയർ ഗൈഡൻസ്സ് സെല്ലിന്റെ നേതൃത്വത്തിൽ ഹയർ സ്റ്റഡീസ് ഇൻ ഇന്ത്യ ആൻഡ് അബ്രോഡ് എന്ന പേരിൽ ക്ലാസ്സ് സംഘടിപ്പിച്ചു. കരിയർ കോച്ചും, ഈസി ലിങ്ക് അക്കാദമി എക്സിക്യൂട്ടീവ് ഡയറക്ടറും ആയ സോണി അക്കാര ക്ലാസുകൾ നയിച്ചു.

## PCM. 04/23 എംജി മെൻസ് വോളിബോൾ ചാംപ്യൻഷിപ് സംഘടിപ്പിച്ചു

മുരിക്കാശേരി പാവനാത്മാ കോളേജിൽ മഹാത്മാ ഗാന്ധി ഇന്റർ സോൺ പുരുഷ വിഭാഗം വോളിബോൾ നവംബർ 26 മുതൽ 28 വരെ സംഘടിപ്പിച്ചു. ഡീൻ കുര്യാക്കോസ് എംപി ഉദ്ഘാടനം നിർവഹിച്ചു.

## PCM. 05/23

നവംബർ 25 ന് ഇടുക്കിയെപ്പറ്റി കൂടുതൽ അറിയാൻ 'Idukki corner' എന്ന പേരിൽ ലൈബ്രറിയിൽ പുതിയ റഫറൻസ് സെക്ഷൻ തുടങ്ങി. ഇടുക്കി ജില്ലാ കളക്ടർ ആയ ശ്രീമതി ഷീബ ജോർജ് ഐ. എ.എസ്. ഉദ്ഘാടനം ചെയ്തു.

## PCM. 06/23

നവംബർ 25 ന് ആലപ്പുഴ അലോഷ്യസ്സ് കോളേജിൽ വച്ച് നടത്തപ്പെട്ട ഇന്റർ കോളേജ് നൃത്ത മത്സരത്തിൽ പാവനാത്മാ കോളേജ് ഡാൻസ് ടീം ഒന്നാം സമ്മാനം നേടി.

## PCM. 07/23 പ്രിൻസിപ്പാൾ നിയമന അംഗീകാരം ലഭിച്ചു

ഡിസംബർ 1 ന് പാവനാത്മാ കോളേജിന്റെ പുതിയ പ്രിൻസിപ്പാൾ ആയി നിയമിതനായ ഡോ. ബെന്നിച്ചൻ സ്കറിയയുടെ പ്രിൻസിപ്പാൾ നിയമന അംഗീകാരം യൂണിവേഴ്സിറ്റിയിൽ നിന്ന് അനുവദിച്ചു ലഭിച്ചു. മലയാള വിഭാഗം മേധാവിയും കോളേജിന്റെ വൈസ് പ്രിൻസിപ്പലും ആയി സേവനം ചെയ്തിരുന്ന അദ്ദേഹം ഈ കഴിഞ്ഞ ജൂൺ 1 നാണ് പ്രിൻസിപ്പാൾ ആയി അധികാരം ഏറ്റത്.

കൂടാതെ മലയാള വിഭാഗം അധ്യാപകർ അയ ഡോ. സോണിയ ജോസ്, ഡോ. ആംനസ് ബേബി, നിമ്മി കുര്യൻ എന്നിവർക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും നിയമനം അംഗീകരിച്ച് കിട്ടി.

## PCM. 08/23 വടംവലിയിൽ വീണ്ടും പാവാനാത്മയുടെ കരുത്തൻമാർ മുന്നിൽ

ഡിസംബർ 2 ന് അങ്കമാലി DIST ൽ വെച്ച് നടന്ന ഓൾ കേരള വടംവലി മത്സരത്തിൽ പാവനാത്മാ ടീം ഒന്നാം സ്ഥാനം നേടി.

## PCM. 09/23 പൗരോഹിത്യത്തിന്റെ 50-ാം വാർഷികം ആഘോഷിച്ചു

ഡിസംബർ 5 ന്പാവനാത്മാ കോളേജ് മുൻ പ്രിൻസിപ്പലും ബർസാറും മാനേജരും ആയിരുന്ന റവ. ഡോ. തോമസ് പെരിയപ്പുറം അച്ചന്റെ പൗരോഹിത്യത്തിന്റെ രജത ജൂബിലി കോളേജിൽ ആച രിച്ചു.

## PCM. 10/23 കലിസ്പോ ക്വിസ് മത്സരം

ഡിസംബർ 5 ന് പാവനാത്മാ കോളേജ് മുൻ പ്രിൻസിപ്പലും ബർസാറും മാനേജരും ആയിരുന്ന റവ. ഡോ. തോമസ് പെരിയപ്പുറം അച്ചന്റെ ബഹുമാനാർത്ഥം കഴിഞ്ഞ 15 വർഷങ്ങളായി നടത്തിവരുന്ന കലിസ്പോ ക്വിസ് മത്സരം ഈ വർഷം അച്ചന്റെ പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷിച്ച വേളയിൽ നടത്തപ്പെട്ടു.

## PCM. 11/23 ലൈബ്രറി ഇൻഫോ ലാബ് ഉദ്ഘാടനം

ഡിസംബർ 5 ന് പാവനാത്മാ കോളേജിലെ നവീകരിച്ച ലൈബ്രറി ഇൻഫോ ലാബ് പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഉദ്ഘാടനം കോളേജ് മാനേജർ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിച്ചു.

## PCM. 12/23 കോളേജ് യൂണിയൻ സത്യപ്രതിജ്ഞ

ഡിസംബർ 6 ന് പാവനാത്മാ കോളേജിലെ ഈ വർഷത്തെ കോളേജ് യൂണിയൻ സത്യപ്രതിജ്ഞ ചൊല്ലി അധികാരം ഏറ്റു. കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നിച്ചൻ സ്കറിയ പ്രതിജ്ഞ വാചകം ചൊല്ലി കൊടുത്തു.

## PCM. 13/23 ധ്വനി 2022

ഡിസംബർ 8 ന് പാവനാത്മാ കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഈ അധ്യയന വർഷത്തെ ആർട്സ് ഡേ ധ്വനി 2022 എന്ന പേരിൽ നടത്തപ്പെട്ടു.

## PCM. 14/23 ഇൻഡസ്ട്രിയൽ വിസിറ്റ്

ഡിസംബർ 9 ന് പഠനത്തോടപ്പം പഠിച്ച കാര്യങ്ങൾ പ്രായോഗികമായി നടത്തുന്ന നിർമാണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നത് കുട്ടികളിൽ അറിവും വിനോദവും ഉണർത്തും. ഈ ലക്ഷ്യത്തോടെ രണ്ടാം വർഷ B.voc വിദ്യാർത്ഥികളും, രണ്ടാം വർഷ മലയാള വിഭാഗം വിദ്യാർത്ഥികളും അവരവരുടെ പഠന വിഭാഗത്തോട് അനുബന്ധിച്ച് ഇൻഡസ്ട്രികൾ വിസിറ്റ് ചെയ്തു.

## PCM. 15/23 അഭിനന്ദനങ്ങൾ

എംജി യൂണിവേഴ്സിറ്റി റസിലിംഗ് മത്സരത്തിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയ പാവനാത്മാ കോളേജ് വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

എംജി യൂണിവേഴ്സിറ്റി പുരുഷ വിഭാഗം വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനവും വനിതാ വിഭാഗം വടംവലി മത്സരത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ പാവനാത്മാ കോളേജ് വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

# മാർ സ്ലീവാ കോളേജ്, രാജമുടി

## MSC. 01/23 എംപ്ലോയബിലിറ്റി സ്കിൽസ് ഫോർ വിമൻ

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, വിമൻ സെല്ലിന്റെയും മഹിന്ദ്ര പ്രൈഡ് ക്ലാസ്സ്റൂം, നന്ധി ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ പെൺകുട്ടികൾക്കായി എംപ്ലോയബിലിറ്റി സ്കിൽസ് ഫോർ വിമൻ എന്ന വിഷയത്തെ ആസ്പദമാക്കി 6 ദിവസത്തെ പരിശീലന പരിപാടി സെപ്റ്റംബർ 21 മുതൽ 26 വരെ രാവിലെ 10 മുതൽ 3.20 വരെ മാർ സ്ലീവാ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. കോളേജ് പ്രിൻസിപ്പൽ ഡോ. ജോഷി വർഗീസ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത പരിശീലന പരിപാടിയിൽ വനിതാ സെൽ വിദ്യാർത്ഥി പ്രതിനിധി അഖില റോയ് സ്വാഗതം ആശംസിച്ചു. മഹിന്ദ്ര പ്രൈഡ് ക്ലാസ്സ്റൂം ഫെസിലിറ്റേറ്റർ ചിഞ്ചു കെ. ഭവാനി വിദ്യാർത്ഥിനികൾക്കായി ക്ലാസ് നയിച്ചു. വിമൻ സെല്ലിന്റെ വിദ്യാർത്ഥി പ്രതിനിധി റിൻസി മാത്യു നന്ദി പറഞ്ഞു.

## MSC. 02/23 സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഡിപ്പാർട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെയും ജെ.പി.എം. ആർട്സ് ആൻഡ് സയൻസ് കോളേജ് ഡിപ്പാർട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെയും നേതൃത്വത്തിൽ സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം നടത്തപ്പെട്ടു. നവംബർ 8, 9 എന്നീ ദിവസങ്ങളിൽ ഓൺലൈൻ ആയി നടത്തപ്പെട്ട പ്രോഗ്രാമിൽ ആദ്യ ദിനത്തിൽ ജെ.പി.എം. കോളേജ് ബി. ബി.എ. വിദ്യാർഥികളായ അനൂപ് എൻ.എസ്., അശ്വതി

കെ. ലാൽ, മാർ സ്ലീവാ കോളേജ് ബി.ബി.എ. വിദ്യാർഥികളായ നന്ദന അനിൽ, അഖില റോയ് എന്നിവർ ക്ലാസുകൾ നയിച്ചു.

## MSC. 03/23 റേഡിയോ ജോക്കി മത്സരം

"HELLO MSC" റേഡിയോ ക്ലബിന്റെ നേതൃത്വത്തിൽ നടത്തിയ RJ മത്സരത്തിൽ വ്യത്യസ്ത ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് നിരവധി വിദ്യാർഥികൾ പങ്കെടുത്തു. അർജുൻ രാജൻ, ബോബിൻ ബിജു, ജസ്റ്റിൻ ബിനോയ്, ദീപ്തി ജോൺ, നിസ്സി സൂസൻ സജി, ജോസ്ന ഷാജി എന്നിവർ മത്സരത്തിൽ വിജയികളായി.

## MSC. 04/23 ബോധവത്കരണ സെമിനാർ

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, എൻ.സി.സി.യുടെയും വനിതാ ശിശു വികസന വകുപ്പ് ഐ.സി.ഡി. എസ്. ഇടുക്കി സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലഴ്സിന്റെയും നേതൃത്വത്തിൽ സ്ത്രീ ധനത്തിനെതിരെ /സ്ത്രീകൾക്കെതിരെ ഉള്ള അതിക്രമങ്ങൾ എന്നിവയെ സംബന്ധിച്ച ക്ലാസ് ഡിസംബർ 08 ന് രാവിലെ 11 മണിക്ക് മാർ സ്ലീവാ കോളേജ് കോൺഫറൻസ് ഹാളിൽ നടത്തപ്പെട്ടു. കോളേജ് പ്രിൻസിപ്പൽ ഡോ. ജോഷി വർഗീസ് ഔദ്യോഗികമായി പങ്കെടുത്ത ചടങ്ങിൽ എൻ.സി.സി. ഓഫീസർ ലെഫ്റ്റനന്റ് എബിൻ മാത്യു സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. വനിതാ ശിശു വികസന വകുപ്പ് ഐ.സി.ഡി.എസ്. ഇടുക്കി സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരായ മന്യ ജോസഫ്, രശ്മി ജോൺ വിദ്യാർത്ഥികൾക്ക് ക്ലാസ് നയിച്ചു. എൻ.സി.സി. കേഡറ്റ് മെൽബിൻ സെബാസ്റ്റ്യൻ നന്ദി പറഞ്ഞു കൊണ്ട് ക്ലാസ് അവസാനിച്ചു.

## MSC. 05/23 ഊർജ്ജ സംരക്ഷണ റാലി

തോപ്രാംകുടി: ദേശീയ ഊർജ്ജ സംരക്ഷണദിനത്തോട് അനുബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ കേരള, സെന്റർ ഫോർ എൻവയോൺമെന്റ് ഡെവലപ്മെന്റ് എന്നിവയുമായി ചേർന്നു മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിന്റെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ റാലിയും ഒപ്പ് ശേഖരണവും സംഘടിപ്പിച്ചു. തോപ്രാംകുടി ടൗൺ പരിസരത്ത് നടന്ന പരിപാടിയിൽ വാത്തിക്കുടി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. ഡിക്ലർക്ക് സെബാസ്റ്റ്യൻ റാലി ഫ്ളാഗ് ഓഫ് ചെയ്തു സംസാരിച്ചു. മാർ സ്ലീവാ കോളേജ് പ്രിൻസിപ്പൽ ഡോ. ജോഷി വർഗീസ് പങ്കെടുത്ത എല്ലാവർക്കും ഊർജ്ജ

സംരക്ഷണ പ്രതിജ്ഞ ചൊല്ലി കൊടുത്തു. ജീവിത ശൈലിയും ഊർജ്ജ കാര്യശേഷിയും എന്ന വിഷയത്തെ മുൻനിർത്തി നടന്ന റാലിയിലും ഒപ്പ് ശേഖരണത്തിലും വിദ്യാർത്ഥികളും നാട്ടുകാരും ഉൾപ്പടെ 300 - ൽ അധികം ആളുകൾ പങ്കെടുത്തു.

## MSC. 06/23 സ്പോട്ട് ഡാൻസ് കോംപറ്റീഷൻ

മാർ സ്ലീവാ കോളേജ് ഓഫ് ആട്സ് ആൻഡ് സയൻസ് കൊമേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സ്പോട്ട് ഡാൻ സ് കോംപറ്റീഷൻ 8-11-2022 ന് നടത്തപ്പെട്ടു. വിവിധ ഡിപ്പാർട്ടുമെന്റു കളിൽ നിന്നും നിരവധി പേർ പങ്കെടുത്ത മത്സരത്തിൽ അയന ബാബു, അനഘ എസ്. നായർ എന്നിവർ വിജയികളായി.

## MSC. 07/23 സ്വാദർ ഷെൽട്ടർ ഹോമിൽ ക്രിസ്തുമസ് ആഘോഷം

മാർ സ്ലീവാ കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്മെന്റിലെ ഒന്നാംവർഷ വിദ്യാർഥികളും ഇടുക്കി വിമൻസ് കൗൺസിലും ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള സ്വാദർ ഷെൽട്ടർ ഹോമിൽ വച്ചു ക്രിസ്തുമസ് അനുബന്ധ പരിപാടികൾ നടത്തുകയും കേക്ക് മുറിച്ചു ആഘോഷിക്കുകയും ചെയ്തു.

# സോഷ്യൽ സർവ്വീസ്

## SS 01/23 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**കഞ്ഞിക്കുഴി**

കഞ്ഞിക്കുഴി യൂണിറ്റിന്റെ വാർഷികം 27-11-2022 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കഞ്ഞിക്കുഴി പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധികാരി ഫാ. മാത്യു വളവനാൽ അദ്ധ്യക്ഷത വഹിച്ച യോഗം ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. മാത്യു തടത്തിൽ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീമതി കുഞ്ഞമ്മ തോമസ് റിപ്പോർട്ട് അവതരിപ്പിച്ചു. സംഘങ്ങളുടെ റിപ്പോർട്ട് അവതരണവും, സംഘാംഗങ്ങളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. സണ്ണി വളവനാട്ട് സന്നിഹി

തനായിരുന്നു. ജോയിന്റ് സെക്രട്ടറി ശ്രീമതി സിജി സിബിയുടെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

**ചുരുളി**

ചുരുളി യൂണിറ്റിന്റെ വാർഷികം 03-12-2022 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ചുരുളി പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. തോമസ് അദ്ധ്യക്ഷത വഹിച്ച യോഗം യൂണിറ്റ് രക്ഷാധികാരി ഫാ. ജോസ് ചിറ്റടി ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീമതി ഷീബ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് എസ്.എസ്.എൽ.സി., പ്ലസ് ടൂ പരീക്ഷയിൽ ഉന്നത വിജയം നേടിയവർക്കും, നല്ല രീതിയിൽ പ്രവർത്തിക്കുന്ന സംഘത്തിനുള്ള സമ്മാനദാനവും ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് നിർവ്വഹിച്ചു. യോഗത്തിൽ സൊസൈറ്റി പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. എബിൻ കുറുന്താനത്ത് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യൂണിറ്റ് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ യോഗത്തിന് മാറ്റുരച്ചു. ശ്രീ. വി.പി. ജോസിന്റെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

**തട്ടേക്കണ്ണി**

തട്ടേക്കണ്ണി യൂണിറ്റിന്റെ വാർഷികം 04-12-2022 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധികാരി ഫാ. മൈക്കിൾ മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. മാത്യു തടത്തിൽ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീമതി അന്നമ്മ മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, സൊസൈറ്റി പ്രോജക്ട് കോർഡിനേറ്റർ ശ്രീ. സിജോ സെബാസ്റ്റ്യൻ, യൂണിറ്റ് പ്രസിഡന്റ് ശ്രീമതി സോളി തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. സംഘാംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

# കെ.സി.എസ്.എൽ.

## KCSL 01/23 കെ.സി.എസ്.എൽ. ദിനാചരണം

ഡിസംബർ രണ്ടാം തീയതി തങ്കമണി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ചു നടന്ന രൂപതാതല കെ.സി.എസ്.എൽ. ദിനാചരണം മോൺ ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്തു. ഒപ്പം വി. കുർബാന, വിശ്വാസ പ്രഘോഷണറാലി, പൊതുസമ്മേളനം എന്നിവയും നടത്തപ്പെട്ടു.

## KCSL 02/23 സംസ്ഥാന എക്സിക്യൂട്ടീവ് മീറ്റിങ്

ഡിസംബർ പത്താം തീയതി പി.ഒ.സി. യിൽ വച്ചു നടന്ന സംസ്ഥാന എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

## KCSL 03/23 കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവം

കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവം ജനുവരി പതിനാലാം തീയതി തിരുവനന്തപുരത്ത് വച്ചു നടത്തപ്പെടുന്നു. രൂപതാതല മത്സരത്തിൽ പങ്കെടുത്ത് വിജയിച്ച കുട്ടികളെ സംസ്ഥാനതല മത്സരത്തിനായി ഒരുക്കുവാൻ ബഹുമാനപ്പെട്ട അധ്യാപകർ ശ്രദ്ധിക്കുമല്ലോ. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും പ്രാർത്ഥനകളും ആശംസകളും

## KCSL 04/23 നേതൃത്വ പരിശീലന ക്യാമ്പ്

2023 ജനുവരി 25, 26 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ വച്ചു നടത്തപ്പെടുന്നു. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

# തിരുബാലസഖ്യം

## HC 01/23 കിഡ്സ് ഫെസ്റ്റ് 2K22 രൂപതാ കലോത്സവം

ഡിസംബർ 10-ാം തീയതി ശനിയാഴ്ച തിരുബാലസഖ്യത്തിന്റെ രൂപതാ കലോത്സവം അടിമാലി കാർമൽഗിരി കോളേജിൽ വച്ചു

നടത്തപ്പെട്ടു. രാവിലെ 9.30ന് ആരംഭിച്ച മത്സരപരിപാടികളുടെ ഉദ്ഘാടനകർമ്മം കാർമ്മൽഗിരി പ്രോവിൻഷ്യൽ സുപ്പീരിയർ റവ. സി. ആനി പോൾ CMC നിർവഹിച്ചു. തുടർന്ന് പതിമൂന്ന് മേഖലക ളിൽ നിന്നായി ഇരുന്നൂറോളം പ്രതിഭകൾ പ്രസംഗം, സംഗീതം, ബൈബിൾ വായന, കളറിംഗ്, ആക്ഷൻസോങ് എന്നീ മത്സരങ്ങളിൽ മാറ്റുരച്ചു. ഉച്ചയ്ക്ക് ഒരു മണിയോടെ അവസാനിച്ച മത്സരങ്ങളുടെ സമ്മാനദാനം റവ. ഫാ. ജോർജ്ജ് തുമ്പനിരപ്പേൽ നിർവഹിച്ചു. റവ. ഫാ. ജിൻസ് കാരക്കാട്ട്, റവ. ഫാ. സോബിൻ കൈപ്പയിൽ, റവ. ഫാ. ജിതിൻ പാറയ്ക്കൽ എന്നിവരുടെ മഹനീയ സാന്നിധ്യം അനുഗ്ര ഹപ്രദമായി. രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് മങ്ങാടംപള്ളിൽ, രൂപതാ ആനിമേറ്റർ റവ. സി. ജിൻസി പോൾ SH, മേഖലാ ആനി മേറ്റേഴ്സ് എന്നിവർ മത്സരങ്ങളുടെ നടത്തിപ്പിന് നേതൃത്വം നൽകി.

കൂമ്പൻപാറ, പാറത്തോട്, നെടുങ്കണ്ടം എന്നീ മേഖലകൾ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി. രൂപതാ മത്സരത്തിൽ പങ്കെടുത്ത എല്ലാ കുഞ്ഞുങ്ങൾക്കും അവരെ പരിശീലിപ്പിച്ച എല്ലാ ആനിമേറ്റേ ഴ്സിനും അധ്യാപകർക്കും തിരുബാലസഖ്യം കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

## HC 02/23 Star of Month

നവംബർ മാസത്തിലെ Star of month ആയി നെടുങ്കണ്ടം ഇടവകാംഗമായ സിയോണ മരിയ ജെയ്സ് തിരഞ്ഞെടുക്കപ്പെട്ടു. സിയോണക്ക് ആശംസകളും പ്രാർത്ഥനകളും.

## HC 03/23 A Trip to Crib

തിരുപ്പിറവിക്കു വേണ്ടി തിരുബാലസഖ്യം കുഞ്ഞുങ്ങൾ ഒന്നുചേർന്ന് ഓരോ ദിവസവും തിരുവചനം പഠിച്ചും നിയോഗങ്ങൾ സമർപ്പിച്ചും പ്രാർത്ഥിച്ച് ഒരുങ്ങി. ഡിസംബർ മാസത്തിലെ ഓരോ ആഴ്ചയും വിവിധങ്ങളായ ആക്ടിവിറ്റുകളിലൂടെയാണ് തിരുപ്പിറവിക്കു വേണ്ടി കുഞ്ഞുങ്ങൾ ഒരുങ്ങിയത്. മനോഹരമായ നക്ഷത്രങ്ങൾ ഉ ണ്ടാക്കിയും ക്രിസ്തുമസ് ട്രീ നിർമ്മിച്ചും ക്രിസ്തുമസ് കാർഡ് ഉണ്ടാ ക്കിയും ഉണ്ണിയേശുവിനെ സ്വീകരിക്കാൻ പുൽക്കൂട് നിർമ്മിച്ചും തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ വളരെ മനോഹരമായി ക്രി സ്തുമസ് ആഘോഷത്തിൽ പങ്കുചേർന്നു. ഒപ്പം ഓരോ ദിവസവും പഠിച്ച തിരുവചനങ്ങൾ ഉപയോഗിച്ച് മനോഹരമായ വചന പൂമരം

നിർമ്മിച്ച് കുഞ്ഞുങ്ങൾ ഉണ്ണീശോയുടെ പിറവി തിരുനാൾ ആഘോഷിച്ചു.

**HC 04/23 ഉണ്ണിക്കൂട്ടം**

പൈനാവ് ഇടവകയിൽ കുട്ടികൾക്കായ് ഉണ്ണിക്കൂട്ടം സംഘടിപ്പിച്ചു. നേതൃത്വം നൽകിയ അധ്യാപകർക്ക് അഭിനന്ദനങ്ങളും നന്ദിയുംഅറിയിക്കുന്നു.

## ചെറുപുഷ്പ മിഷൻലീഗ്

**CML 01/23 ഓർമ്മിക്കാൻ**

- 1 ജനുവരി - പുതുവത്സരം.
- 2 ജനുവരി - രൂപതാ എക്സിക്യൂട്ടീവ്.
- 3 ജനുവരി - വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ തിരുനാൾ.
- 6 ജനുവരി - ദനഹാതിരുനാൾ - മിഷൻ മാസം ആരംഭം.
- 14 ജനുവരി - രൂപതാ ജോയിൻ ഡയറക്ടേഴ്സ് സംഗമം.
- 14 ജനുവരി - വി. ദേവസഹായത്തിന്റെ തിരുനാൾ.
- 11 ഫെബ്രുവരി - രോഗി ദിനം.
- 12 ഫെബ്രുവരി - തിരുബാലസഖ്യ ദിനം.

**CML 02/23 രൂപതാ ജോയിൻ ഡയറക്ടേഴ്സ് സംഗമവും രൂപതാ എക്സിക്യൂട്ടീവും**

രൂപതാ ജോയിൻ ഡയറക്ടേഴ്സ് സംഗമവും രൂപതാ എക്സിക്യൂട്ടീവും യഥാക്രമം 2023 ജനുവരി മാസം രണ്ടാം തീയതി രാവിലെ 11 മണിക്കും 14-ാം തീയതി 10 മണിക്കും അടിമാലി ആത്മജ്യോതിയിൽ വച്ച് നടത്തപ്പെടുന്നു.

**CML 03/23 ഡിസംബർ മാസ പ്രവർത്തനങ്ങളിലൂടെ**

ഡിസംബർ 3 ന് ചെറുപുഷ്പ മിഷൻ ലീഗിന്റെ ഉപമധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ വിവിധ ഇടവകകളുടെയും മേഖലകളുടെയും രൂപതയുടെയും നേതൃത്വത്തിൽ

ആഘോഷിച്ചു. അന്നേദിവസം പൊതുദിവ്യകാരുണ്യ സ്വീകരണവും അസാധാരണ സമ്മേളനവും നടത്തപ്പെട്ടു.

❖ **മേഖലാതല കരോൾഗാന മത്സരം**

എല്ലാ മേഖലകളിലും ക്രിസ്തുമസിനോടനുബന്ധിച്ച് കരോൾ ഗാന മത്സരവും പാപ്പാ മത്സരവും പുൽക്കൂട് മത്സരവും കരോൾ ഗാന രചനാ മത്സരവും ഇവയോടൊപ്പം വിവിധ മത്സരങ്ങളും ക്രിസ്തുമസ് ആഘോഷവും നടത്തപ്പെട്ടു.

❖ **വചന പുൽക്കൂട്**

25 നോമ്പിനോടനുബന്ധിച്ച് 25 ദിവസവും ഒരോ വചനങ്ങൾ നൽകി കുട്ടികളെ ഒരുക്കി.

❖ **സംസ്ഥാനതല പ്ലാറ്റിനം ജൂബിലി സമാപനവും പ്രേഷിത റാലിയും ഭരണങ്ങാനത്ത് നടന്നു**

ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി സംസ്ഥാന തല സമാപനത്തിന് പാലാ രൂപത ആതിഥേയത്വം വഹിച്ചു. മിഷൻ ലീഗ് ജന്മം കൊണ്ട ഭരണങ്ങാനം തന്നെ ജൂബിലി ആഘോഷത്തിനും വേദിയായി എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്.

❖ **കഴിഞ്ഞ പ്രവർത്തന വർഷത്തിലെ മികവാർന്ന പ്രവർത്തനങ്ങൾക്കുള്ള വിവിധ അവാർഡുകൾ നൽകപ്പെട്ടു.**

❖ മികച്ച രൂപതയ്ക്കുള്ള അംഗീകാരപത്രം ഇടുക്കി രൂപത കരസ്ഥമാക്കി.

❖ മികച്ച മേഖലയ്ക്കുള്ള അംഗീകാരപത്രം **മുരിക്കാശ്ശേരി, നെടുങ്കണ്ടം** മേഖലകൾ കരസ്ഥമാക്കി.

❖ കഴിഞ്ഞ പ്രവർത്തന വർഷത്തിലെ മികച്ച ശാഖകൾക്കുള്ള അംഗീകാര പത്രം **ആയിരമേക്കർ, നെല്ലിപ്പാറ, കാൽവരി മൗണ്ട്** ശാഖകൾ കരസ്ഥമാക്കി.

ഇടുക്കി രൂപതയെ മികച്ച രൂപതായാക്കാൻ രൂപതാ സമിതിയോടൊപ്പം അത്യധ്വാനം ചെയ്ത 13 മേഖലകളുടെയും ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും ഭാരവാഹികൾക്കും മുഴുവൻ ശാഖകളുടെയും ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നതോടൊപ്പം ആത്മീയ നേതൃത്വം നൽകി നമ്മെ നയിക്കുന്ന അഭിവന്ദ്യ പിതാവിനോടും ജനറാളച്ചന്മാരോടുമുള്ള നന്ദിയും അറിയിക്കുന്നു.

❖ **ബൈബിൾ ദിനാചരണം**

ഡിസംബർ 28 തീയതി ബൈബിൾ ദിനാചരണവും ബൈബിൾ റാലിയും നടത്തപ്പെട്ടു.വിവിധ മേഖലകളുടെയും ശാഖകളുടെയും ആഭിമുഖ്യത്തിൽ അസാധാരണ സമ്മേളനവും പൊതു ദിവ്യകാരുണ്യ സ്വീകരണവുമായി അന്നേ ദിവസം ആചരിച്ചു.

## കെ.സി.വൈ.എം. (SMYM)

### KCYM 01/23 ജീസസ് നൈറ്റ്

കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ജീസസ് നൈറ്റ് എന്ന പരിപാടിക്ക് വെണ്മണിയിൽ തുടക്കം കുറിച്ചു. ജനുവരി മാസം മറ്റ് ഇടവകകളിലും നടത്താൻ ആഗ്രഹിക്കുന്നു. യുവജനങ്ങളുടെ അഭിരുചി അനുസരിച്ച് സഭാപരവും സാമൂഹ്യപരവുമായ അറിവുകൾ പങ്കുവയ്ക്കുന്നതോടൊപ്പം പ്രാർത്ഥനാ ശുശ്രൂഷകളും യുവജനങ്ങൾക്ക് ആകർഷകമായ ഗെയിമുകളും ചേർത്തുവച്ചാണ് ജീസസ് നൈറ്റ് എന്ന ക്യാമ്പ് നടത്തുന്നത്. വൈകിട്ട് 6 മണിക്ക് ആരംഭിച്ച് ഞായറാഴ്ച രാവിലെ 6 മണിക്കുള്ള വി. കുർബാനയോടു കൂടി അവസാനിക്കുന്നു.

### KCYM 02/23 മെഗാ ക്രിസ്തുമസ് ആഘോഷം; ആയിരമേക്കറിൽ

രക്ഷകന്റെ വരവിനായി നാടും നഗരവും ഒരുങ്ങിക്കഴിഞ്ഞു. കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ അടിമാലി - ആയിരമേക്കറിൽ വച്ച് zane 2k22 കരോൾ ഗാന മത്സരം നടത്തപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട പതിനഞ്ചോളാം ടീമുകൾ ഏറ്റുമുട്ടിയ മഹാവേദിയിൽ അതിനൊപ്പം തന്നെ നാനാവിധ രുചിക്കൂട്ടുമായി കേക്ക് കോമ്പറ്റിഷനും നടത്തപ്പെട്ടു. ഫുട്ബോളിന്റെ കലാശക്കോട്ട് അതിന്റെ വീര്യം കെടാതെ ഏവരിലുമെത്തിക്കാൻ ലൈവ് സ്ട്രമിങ്ങും സംഘടിപ്പിച്ചിരുന്നു. വികാരി ജനറാൾ റവ. ഫാ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം നിർവഹിച്ചു.

### KCYM 03/23 ലഹരിയുടെ കിക്കല്ല ഫുട്ബോളിന്റെ കിക്ക്

കാൽവരിമൗണ്ട് : ലഹരിയുടെ കിക്കിന്റെ പുറകെ പായുന്ന യുവതലമുറയ്ക്ക് മാറ്റത്തിന്റെ വഴികാട്ടിയായി സ്പാർക് 2k22 വി

നോട് അനുബന്ധിച്ച് കെ.സി.വൈ.എം. ഇടുക്കി രൂപതയുടെയും വിവിധ ഭക്ത സംഘടനകളുടെയും നേതൃത്വത്തിൽ സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. നാളേയ്ക്കായി നല്ല നേതാക്കന്മാരെ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ കെ.സി.വൈ.എം. ഇടുക്കി രൂപത നടത്തുന്ന പരിശീലന ക്യാമ്പിന്റെ മൂന്നാം ഘട്ടമാണ് കാൽവരി മൗണ്ടിൽ വച്ചു നടത്തപ്പെട്ടത്. കാൽവരി മൗണ്ട് പള്ളി വികാരി റവ. ഫാ. ജോർജ് മാരിപ്പാട്ട് ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ മൂവാറ്റുപുഴ നഗരസഭാ കൗൺസിലർ ശ്രീമതി ജോയ്സി മേരി ആന്റണി, എ.കെ.സി.സി. രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കൽ തുടങ്ങിയവർ വിവധ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## KCYM 04/23 "Buon natale" 2022 - 25 days 25 activities

ക്രിസ്തുമസ് ഒരുക്ക ദിനങ്ങൾ : ഇടുക്കി രൂപത കെ.സി.വൈ.എം. യുവജനങ്ങൾ ക്രിസ്തുമസിന് ഒരുക്കമായി 25 ദിവസങ്ങൾ പ്രാർത്ഥനയിലൂടെയും വിവിധ കാരുണ്യ പ്രവൃത്തികളിലൂടെയും കടന്നുപോകുന്നു. തെരഞ്ഞെടുക്കപ്പെട്ട അഗതി മന്ദിരത്തിൽ സാമ്പത്തിക സഹായം നൽകുവാൻ ഓരോ ദിവസവും തങ്ങളുടെ ചെലവുകൾ കുറച്ച് പണം ശേഖരിക്കുന്നു. ക്രിസ്തുമസ് ദിനത്തിൽ ഒരു സമ്മാനമായി അവർക്ക് അത് നൽകുന്നു.

## KCYM 05/23 വാർഷിക സെനറ്റ്

കെ.സി.വൈ.എം. ഇടുക്കി രൂപത വാർഷിക സെനറ്റ് സമ്മേളനം ജനുവരി മാസത്തിൽ നടത്തുവാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 01/23 ഹൗസ്ഹോൾഡ്

ജീസസ് യൂത്ത് കുടുംബങ്ങളും യുവജനങ്ങളും കുട്ടികളും ഒരുമിച്ചുവരുന്ന സോണൽ ഹൗസ്ഹോൾഡ് ഡിസംബർ 18 ഞായറാഴ്ച മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വെച്ചു നടക്കുകയുണ്ടായി.

## JY 02/23 ക്യാമ്പസ് മിനിസ്ട്രി

ഇടുക്കി ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിവിധ ക്യാമ്പസുകളിലെ കോർ ടീം അംഗങ്ങൾക്കുള്ള ട്രെയിനിങ് നടത്ത

പ്പെട്ടു. ഡിസംബർ 26, 27, 28 തീയതികളിൽ പൈനാവ് അമൽജ്യോതി സ്പെഷ്യൽ സ്കൂളിൽ വച്ചാണു ട്രെയിനിങ് നടന്നത്. 30 പേർ പങ്കെടുക്കുകയുണ്ടായി.

## JY 03/23 സബ്സോൺ ഗാതറിങ്

സബ്സോൺ കോർ ടീമുകളുടെ നേതൃത്വത്തിൽ വാഴത്തോപ്പ്, അടിമാലി എന്നിവിടങ്ങളിൽ ഡിസംബർ 10 നു സബ്സോൺ ഗാതറിങ്ങുകൾ നടക്കുകയുണ്ടായി.

## JY 04/23 സഹ്യജ്യോതി പ്ലസ് ടു മീറ്റ്

+2 ക്ലാസിലെ കുട്ടികൾക്ക് ആത്മീയ ഉണർവ് ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ക്രിസ്തുജ്യോതി വിശ്വാസ പരിശീലന കേന്ദ്രം ഫൊറോനാ അടിസ്ഥാനത്തിൽ ഏകദിന കൺവൻഷൻ സംഘടിപ്പിച്ചു. നവംബർ 20, 28, ഡിസംബർ 04 എന്നീ തിയതികളിൽ രൂപതയിലെ വിവിധ ഫോറോനകളിൽ കൺവൻഷൻ നടന്നു. പാട്ടുകളും ക്ലാസുകളും വഴി വിശുദ്ധ കുർബാനയിലേയ്ക്ക് കുട്ടികളെ അടുപ്പിക്കുന്നതിനുള്ള ഒരു പരിശീലനമാണ് ഈ കൺവൻഷനിലൂടെ കുട്ടികൾക്കു ലഭിച്ചത്. കൺവൻഷനിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരുന്നു.

## JY 05/23 കൗൺസിൽ മീറ്റിങ്ങ്

സോണൽ കൗൺസിൽ മീറ്റിങ്ങ് 18-12-2022 ഞായറാഴ്ച നടക്കുകയുണ്ടായി. കൗൺസിൽ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം മീറ്റിങ്ങിൽ ഉടനീളം ഉറപ്പാക്കി. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ഒടുവിൽ ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, പ്രാർത്ഥനയോടെ കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

# ഫാമിലി അപ്പോസ്റ്റലേറ്റ്

## FA 13/22 വിവാഹ ഒരുക്ക സെമിനാർ ജനുവരി 2023

സ്നേഹമുള്ളവരെ, ഇടുക്കി രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് നടത്തി വരുന്ന വിവാഹ ഒരുക്ക സെമിനാർ ജനുവരി മാസം 6, 7, 8 തീയതികളിൽ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു.

വിവാഹ ഒരുക്ക സെമിനാർ ജനുവരി മാസം 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് 8-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് അവസാനിക്കുന്നതാണ്.

പങ്കെടുക്കുന്നവർ മൂന്ന് ദിവസം താമസിച്ച് പങ്കെടുക്കുവാൻ വേണ്ട ആവശ്യവസ്തുക്കളും ബഹു. വികാരിയച്ചന്റെ എഴുത്തും കരുതേണ്ടതാണ്.

ഞായറാഴ്ച ഉച്ചയ്ക്ക് മാതാപിതാക്കൾക്ക് ഒരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

പങ്കെടുക്കുന്നവർ ജനുവരി 1, 2 തീയതികളിൽ ഫോൺ വിളിച്ച് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

| | |
|---|---|
| **ഫാമിലി അപ്പോസ്റ്റലേറ്റ്** | **- 9447413328** |
| **സി. സോഫിയ റോസ് CMC** | **- 6235931254** |
| **സി. നിത്യ CMC** | **- 8078755919** |

## മാതൃവേദി

### MV 01/23 കൺവൻഷനുകൾ

ജനുവരി 09 - മാങ്കുളം.

ജനുവരി 13 - കുഞ്ചിത്തണ്ണി

### MV 02/23 ബൈബിൾ കൈയെഴുത്ത് മത്സരം

ഡിസംബർ 31-ാം തീയതി ബൈബിൾ കൈയെഴുത്തിന്റെ കോപ്പികൾ മേഖലയിൽ എത്തിക്കേണ്ട അവസാന ദിവസം.

## പ്രാർത്ഥനാ ഗ്രൂപ്പ്

### PG 01/23 കരിസ്മാറ്റിക് ദൈവാനുഭവ ധ്യാനം

പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് ഇടുക്കി സോണിന്റെ നേതൃത്വത്തിൽ ഡിസംബർ മാസം 8, 9, 10 തീയതികളിൽ മുതിർന്നവർക്കായി നടത്തപ്പെട്ട 'കരിസ്മാറ്റിക് ദൈവാനുഭവ ധ്യാനം'

പങ്കെടുത്തവർക്കെല്ലാം വലിയ ദൈവാനുഭവത്തിന്റെയും പരിശു ദ്ധാത്മ നിറവിന്റെയും അനുഭവ സാക്ഷ്യങ്ങൾ പങ്കുവയ്ക്കുവാൻ ഉള്ള അവസരമായി മറുവാൻ ദൈവം ഇടവരുത്തി. രൂപതയുടെ വിവിധ മേഖലകളിൽ നിന്ന് എത്തിച്ചേർന്ന 125 പേർക്കായി സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് നടുപ്പടവിൽ, ബ്ര. വി.വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചൻ) ബ്ര. ഷാജി വൈക്കത്തുപറമ്പിൽ എന്നിവർ ധ്യാനം നയിച്ചു.

## PG 02/23 സ്നേഹോപഹാര സമർപ്പണം

ഇടുക്കി സോൺ കരിസ്മാറ്റിക് മുന്നേറ്റത്തെ 2019-2022 കാല യളവിൽ ധീരോദാത്തമായി നയിച്ച ശ്രീ. ജോർജ് കുമ്പിളിമൂട്ടിലിന് സ്നേഹോപഹാരം നൽകി ആദരിച്ചു.

## PG 03/23 യുവജന ധ്യാനം

YU4C (യൂത്ത് യുണൈറ്റഡ് ഫോർ ക്രൈസ്റ്റ്) ഇടുക്കി സോൺ യുവജനങ്ങൾക്കായി ഒരുക്കിയിരുന്ന 'അഗാപ്പെ' - സീൽ ഓഫ് ലൗ ധ്യാനം തോപ്രാംകുടി അമല ധ്യാനകേന്ദ്രത്തിൽ വച്ച് ഡിസംബർ 28, 29, 30, 31 തീയതികളിൽ നടത്തപ്പെട്ടു. 28-ാം തീയതി 4 pm ന് ആരംഭിച്ച് 31-ാം തീയതി 4 pm ന് അവസാനിക്കുന്ന ധ്യാനം നയിച്ചത് റവ. ഫാ. ജോസഫ് നടുപ്പടവിൽ, ബ്ര. തോമസ് കുമളി, ബ്ര. ഉണ്ണി മാവടി എന്നിവരടങ്ങുന്ന ടീമാണ്.

### ധ്യാനത്തിനായുള്ള ഒരുക്ക പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈ വമേ, കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിലൂടെ അങ്ങ് ഞങ്ങളോടു കാണിക്കുന്ന കാരുണ്യത്തിനും സ്നേഹത്തിനും ഞങ്ങൾ അങ്ങേ യ്ക്കു നന്ദി പറയുന്നു. ഇടുക്കി സോണിനെയും യുവജനങ്ങളെയും ഓർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയോടുള്ള സ്നേ ഹത്തെ ഉജ്ജ്വലിപ്പിക്കാനായി ഞങ്ങൾ നടത്താൻ ആഗ്രഹിക്കുന്ന 'അഗാപ്പെ' - സീൽ ഓഫ് ലൗ യുവജന ധ്യാന ശുശ്രൂഷയെ അങ്ങേ തിരുഹൃയത്തിൽ സമർപ്പിക്കുന്നു. ഈ ധ്യാനത്തിനായി പ്രാർത്ഥിച്ചോ രുങ്ങുന്ന എല്ലാവരേയും പരിശുദ്ധാത്മാവിന്റെ കൃപാവര ദാനങ്ങ ളാൽ നിറയ്ക്കണമേ എന്ന് പ്രാർത്ഥിക്കുന്നു. ആമ്മേൻ.

3 സ്വ. 3 നന്മ. 3 ത്രിത്വ.

# കുടുംബക്കൂട്ടായ്മ

## SCC 01/23 നല്ല അയൽക്കാരൻ 2023 – കുടുംബക്കൂട്ടായ്മ രൂപതാ ഏകദിന കൺവൻഷൻ

ഇടുക്കി രൂപതയിലെ കുടുംബക്കൂട്ടായ്മകളുടെ ശക്തീകരണത്തിനും വളർച്ചയ്ക്കും വേണ്ടി എല്ലാ ഇടവകകളിലേയും കൂട്ടായ്മകളുടെ ആനിമേറ്റർ സിസ്റ്റർ, പുരുഷന്മാരുടേയും സ്ത്രീകളുടേയും ഓരോ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു ഏകദിന കൺവൻഷൻ 2023 ജനുവരി മാസം 24 ചൊവ്വാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് രാവിലെ 10 മുതൽ വൈകിട്ട് 3 വരെ നടത്തപ്പെടുന്നു.

മാറുന്ന കാലഘട്ടത്തിൽ കുടുംബകൂട്ടായ്മകളുടെ പ്രസക്തി, കുടുംബക്കൂട്ടായ്മകളുടെ ശക്തീകരണം, കുടുംബ കൂട്ടായ്മകളിലെ നേതൃശൈലി എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളും ചർച്ചകളും ഈ കൺവൻഷന്റെ ഭാഗമായിരിക്കും. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ഒരിടവകയിൽ നിന്ന് മൂന്ന് പേരെ വീതം (സിസ്റ്റർ, പുരുഷൻ, സ്ത്രീ) ഈ കൺവൻഷനിലേയ്ക്ക് പറഞ്ഞയക്കുമല്ലോ.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 01/23 കർഷക കൺവൻഷൻ

കത്തോലിക്കാ കോൺഗ്രസ് വെള്ളയാംകുടി യൂണിറ്റിന്റെ നേതൃത്വത്തിൽ കർഷക കൺവൻഷൻ നടത്തപ്പെട്ടു. കൺവൻഷൻ രൂപതാ അസിസ്റ്റൻറ് ഡയറക്ടർ ഫാ. ജിൻസ് കാരക്കാട്ട് ഉദ്ഘാടനം ചെയ്തു. ഇടുക്കിയിലെ ഭൂപ്രശ്നങ്ങളെക്കുറിച്ച് ഫ്രാൻസിസ് കെ.എം. ക്ലാസ് നയിച്ചു.

## AKCC 02/23 യൂണിറ്റ് രൂപീകരണം

കത്തോലിക്ക കോൺഗ്രസ് പേഴുംകണ്ടം യൂണിറ്റ് രൂപീകരിച്ചു.

## AKCC 03/23 കർഷക കൺവൻഷൻ

കത്തോലിക്ക കോൺഗ്രസ് പേഴുംകണ്ടം യൂണിറ്റിന്റെ നേതൃത്വത്തിൽ കർഷക കൺവെൻഷൻ സംഘടിപ്പിച്ചു. രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം എന്നിവർ കർഷക കൺവെൻഷന് നേതൃത്വം നൽകി.

## AKCC 04/23 കർഷക പ്രക്ഷോഭ പരമ്പര

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതി നേതൃത്വം നൽകുന്ന കർഷക പ്രക്ഷോഭ പരമ്പരയുടെ ഭാഗമായി മരിയാപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ കർഷക പ്രതിഷേധ സംഗമം നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

## AKCC 05/23 കർഷക പ്രക്ഷോഭ പരമ്പര

കർഷക പ്രക്ഷോഭ പരമ്പരയുടെ ഭാഗമായി കരിമ്പൻ യൂണിറ്റിന്റെ നേതൃതത്തിൽ കർഷക പ്രതിഷേധ സംഗമം നടത്തപ്പെട്ടു. മാർ ജോൺ നെല്ലിക്കുന്നേൽ പ്രതിഷേധ സമ്മേളനം ഉദ്ഘാടനം ചെയ്തു.

## AKCC 06/23 കർഷക പ്രക്ഷോഭ പരമ്പര

കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകുന്ന കർഷക പ്രക്ഷോഭ പരമ്പരയുടെ ഭാഗമായി വാഴത്തോപ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ തടിയമ്പാട് കർഷക പ്രതിഷേധ സംഗമം നടത്തപ്പെട്ടു. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

## AKCC 07/23 കർഷക പ്രക്ഷോഭ പരമ്പര

കർഷക പ്രക്ഷോഭ പരമ്പരയുടെ ഭാഗമായി ഉദയഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ കർഷക പ്രതിഷേധ സംഗമം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവകണ്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു.

## AKCC 08/23 നേതൃയോഗം

രൂപതാ കാര്യാലയത്തിൽ വിളിച്ചു ചേർത്ത സംഘടനാ ഭാരവാഹികളുടെ നേതൃയോഗത്തിൽ കത്തോലിക്കാ കോൺഗ്രസിനെ

പ്രതിനിധീകരിച്ച് രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ, ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം, ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ എന്നിവർ പങ്കെടുത്തു.

## AKCC 09/23 CAN

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിലിന്റെയും വനിതാ കൗൺസിലിന്റെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ CAN - Campaign Against Narcotics ന്റ ഇടുക്കി രൂപതാതല ഉദ്ഘാടനം എഴുകുംവയൽ നിത്യസഹായ മാതാ ദൈവാലയത്തിൽ നടത്തപ്പെട്ടു. യൂത്ത് കൗൺസിൽ ഗ്ലോബൽ കോഡിനേറ്റർ സിജോ ഇലന്തൂരിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ ഉദ്ഘാടനം ചെയ്തു. മുൻ രൂപതാ ഡയറക്ടർ ഫാ. ജോർജ് പാട്ടത്തേക്കുഴി മുഖ്യപ്രഭാഷണം നടത്തി. പരിപാടിയുടെ ഭാഗമായി പ്രശസ്ത മജീഷ്യൻ ജോയ്സ് മുക്കുടം നേതൃത്വം നൽകിയ ലഹരിവിരുദ്ധ മാജിക് ഷോയും നടത്തപ്പെട്ടു.

## AKCC 10/23 കർഷക പ്രതിഷേധ ജ്വാല

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ ബഫർസോൺ വിരുദ്ധ കർഷക പ്രതിഷേധ ജ്വാല നാരകക്കാനത്ത് സംഘടിപ്പിച്ചു. നാരകക്കാനം സെന്റ് ജോസഫ് ദൈവാലയ അങ്കണത്തിൽ നിന്ന് ആരംഭിച്ച പ്രതിഷേധ റാലി ഇടവക വികാരി ഫാ. തോമസ് നെച്ചികാട്ട് ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് പള്ളിക്കവലയിൽ രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രതിഷേധ സമ്മേളനം രൂപതാ വികാരി ജനറൽ ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്തു.

## AKCC 11/23 യൂണിറ്റ് സന്ദർശനം

കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും യൂണിറ്റുകൾ രൂപീകരിക്കുന്നതിനുമായി വെള്ളയാംകുടി, നെടുംകണ്ടം, പച്ചടി, ബഥേൽ, ഈട്ടിത്തോപ്പ് എന്നീ യൂണിറ്റുകളിൽ രൂപതാ സമിതി സദർശനം നടത്തി.

## PLA 01/23 ജോർദ്ദാനിയ 2023

വലിയ കുടുംബങ്ങളിലെ നാലാമതു മുതലുള്ള ശിശുക്കൾക്ക് പ്രവേശക കൂദാശകൾ സ്വീകരിക്കുന്നതിന് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന സമൂഹ മാമ്മോദീസ 2023 ജനുവരി 21 ശനിയാഴ്ച 9.30 ന് വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ ക്രമീകരിക്കുന്നു. കുഞ്ഞുങ്ങൾക്ക് പുതുവസ്ത്രം, കുടുംബാംഗങ്ങൾക്ക് ഭക്ഷണം ഉൾപ്പെടെ രൂപതാ കുടുംബം ഒരുക്കുന്നതിനാൽ ഈ ശുശ്രൂഷയിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവരെ കണ്ടെത്തി വിവരങ്ങൾ നൽകുമല്ലോ. ജനുവരി 15 ന് മുമ്പായി താഴെ നൽകുന്ന നമ്പറിൽ അറിയിക്കണേ.

ഡയറക്ടർ : 8330018052

## PLA 02/23 ഏലീശ്വാ ധ്യാനം

ഗർഭസ്ഥ ശിശുക്കൾ ഉള്ള ദമ്പതികൾക്കായി ഒരുക്കുന്ന ദമ്പതി ധ്യാനം 2023 ജനുവരി 27, 28, 29 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്നു. വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് സമാപിക്കുന്ന ഈ ശുശ്രൂഷയിൽ, പങ്കുചേരാൻ ഗർഭസ്ഥ ശിശുക്കളുടെ മാതാപിതാക്കളെ പറഞ്ഞയയ്ക്കണമേ. ഫീസ് ഒരാർക്ക് 600 രൂപാ.

4–ാമതു കുഞ്ഞുങ്ങൾ ഉള്ളവർക്ക് സൗജന്യം ആയിരിക്കും.

## PLA 03/23 എഫ്രായിം മീറ്റ്

യുവദമ്പതികൾക്ക് ജീവന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മയിലാഴപ്പെടാൻ സഹായിക്കുന്ന സെമിനാർ ഇടവകകളിൽ ക്രമീകരിക്കുന്നു. ഞായർ, ശനി ദിവസങ്ങളിൽ വൈകുന്നേരം 4 മുതൽ 7 വരെയുള്ള സമയം. 2009 നു ശേഷം വിവാഹിതരായ ദമ്പതികളെ വിളിച്ചുകൂട്ടിയാൽ ഓരോ ഇടവകയിലും വി. കുർബാന, കൗൺസലിംഗ്, ജീവന്റെ സുവിശേഷ സാക്ഷ്യം ഉൾപ്പെടെ ക്രമീകരണം സൗജന്യമായി നൽകുന്നു. യുവദമ്പതികളെ പ്രോത്സാഹിപ്പിക്കാൻ ഇടവകകൾ സഹകരിക്കണേ.

## PLA 04/23 ജീവോത്സവ കൂട്ടായ്മ

നമ്മുടെ കുടുംബങ്ങളിൽ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിൽ നാലാമതു മുതലുള്ള കുഞ്ഞുങ്ങളെ സ്വീകരിക്കുന്ന കുടുംബങ്ങൾക്ക് സഹായം നൽകാൻ ലാവീത്താ, ജീവസമൃദ്ധി ട്രസ്റ്റുകൾ തയ്യാറായിരിക്കുന്നു. ഇടവകകളിൽ ഈ സഹായം അർഹിക്കുന്നവരിൽ എത്തിക്കാൻ ബഹു. വികാരി അച്ചന്മാരുടെ സേവനം അനുഗ്രഹദായകമാണ്. താഴെ നൽകുന്ന നമ്പറിൽ രൂപതാ പ്രൊലൈഫ് മൂവ്മെന്റുമായി ബന്ധപ്പെടുമല്ലോ.

ഡയറക്ടർ : 8330018052

# വാർത്തകളും വിശേഷങ്ങളും

## സെന്റ് ജോസഫ് ഫോർമേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു

ഇടുക്കി രൂപതയിലെ നാലാം വർഷ വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനായി രാജാക്കാട് നിർമ്മാണം പൂർത്തിയാക്കിയ സെന്റ് ജോസഫ് ഫോർമേഷൻ സെന്ററിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പും നിർവ്വഹിക്കപ്പെട്ടു. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തടിയമ്പാടുള്ള രൂപതാ മൈനർ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർഥികൾക്ക് ഒരു വർഷത്തെ ആത്മീയ പ്രേഷിത പരിശീലനം നൽകുന്നതിനാണ് പുതിയ ഭവനം. സഭയുടെ ദൗത്യം ക്രിസ്തുവിന്റെ കൽപന നിറവേറ്റുക എന്നതാണ്. ക്രിസ്തുവിന്റെ കൽപന എല്ലാവരെയും സ്നേഹിക്കുക എന്നതാണ്. സകലരെയും സ്നേഹിക്കുകയും സ്നേഹത്തിന്റെ കൽപന പ്രഘോഷിക്കുകയും ചെയ്യുന്ന വൈദികർ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ് എന്ന് ബിഷപ്പ് സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. രൂപതാ വികാരി ജനറാൾമാരായ മോൺ. ജോസ് പ്ലാച്ചിക്കൽ, മോൺ. അബ്രാഹം പുറയാറ്റ് എന്നിവർ സഹകാർമ്മികന്മാരായിരുന്നു. രൂപതയിലെ വൈദികരും വൈദിക വിദ്യാർത്ഥികളും സമർപ്പിതരും എല്ലാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു. ജില്ലാ പഞ്ചാ

യത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഉഷാകുമാരി ടീച്ചർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.റ്റി. കുഞ്ഞ് രാജാക്കാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സതി കുഞ്ഞുമോൻ വാർഡ് മെമ്പർ ശ്രീ. ബിൻസ് എന്നിവരും സന്നിഹിതരായിരുന്നു.

## എഫ്.സി.സി. ഇടുക്കി പ്രൊവിൻസിന് ആഫ്രിക്കയിൽ നിന്നും ദൈവവിളി

എഫ്സിസി ഇടുക്കി പ്രൊവിൻസിനായി ആഫ്രിക്കയിലെ ടാൻസാനിയയിൽ നിന്നും ദൈവവിളി സ്വീകരിച്ച് പരിശീലനം പൂർത്തിയാക്കിയ സി. എഡിന ആഗസ്റ്റി ടെഷ സഭാ വസ്ത്രം സ്വീകരിച്ച് പ്രഥമ വാഗ്ദാനം നടത്തി. 2001 ഏപ്രിൽ മാസത്തിലാണ് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ആഫ്രിക്കയിലെ ടാൻസാനിയായിൽ മിഷൻ പ്രവർത്തനം ആരംഭിച്ചത്. വിവിധ പ്രൊവിൻസുകളുടെ 14 മഠങ്ങളും 46 സിസ്റ്റേഴ്സും അവിടെ സേവനം ചെയ്യുന്നു. ഇടുക്കി പ്രൊവിൻസിലെ അഞ്ച് മഠങ്ങളും 17 സിസ്റ്റേഴ്സും ഈ മിഷൻ പ്രദേശത്തുണ്ട്. ടാൻസാനിയയിൽ മോഷി രൂപതയിലെ ഉസെറി ഇടവകയിൽ കർഷകരായ അഗസ്റ്റി ഹെർബട്ട് ടെഷാ, ഫെബ്രോണിയ ആൽഫ്രഡ് ടെഷാ എന്നീ ക്രൈസ്തവ ദമ്പതികളുടെ എട്ടു മക്കളിൽ അഞ്ചാമത്തെ മകളാണ് സി. എഡിന അഗസ്റ്റി ടെഷാ.

സി. എഡിന ആഗസ്റ്റി ടെഷാ ഇടുക്കി നിർമ്മൽ റാണി പ്രോവിൻസിലെ ടാൻസാനിയ മിഷനിൽ സേവനം ചെയ്യുന്നതിന് വേണ്ടിയാണ് വ്രതവാഗ്ദാനം നടത്തിയിരിക്കുന്നത്. 2022 ഡിസംബർ മൂന്നിന് ഡാറേസലാം അതിരൂപത ബിഷപ്പ് യുദാ തദ്ദേയ് റൂവൈച്ചി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ചടങ്ങുകളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ, കൗൺസിലർ സി. ഷാലെറ്റ് എന്നിവർ പങ്കെടുത്തു.

മല്പാൻ മാത്യു വെള്ളാനിക്കൽ

# വിശ്വാസവും വിശുദ്ധീകരണവും രക്ഷയും

## (തിരുവചനഭാഗം: റോമാ 10,1-21)

ഈ വചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. മിശിഹാ: നിയമത്തിന്റെ പൂർത്തീകരണം (10,1-4)
2. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസവും രക്ഷയും (10,5-10)
3. വിശ്വാസവും ഏറ്റുപറച്ചിലും സാർവ്വത്രികരക്ഷയും (10,11-13)
4. സുവിശേഷപ്രഘോഷണവും വിശ്വാസവും (10,14-18)
5. ഇസ്രായേലിന്റെ തിരസ്കരണവും വിജാതീയരുടെ സ്വീകരണവും (10,19-21)

ഈ ലേഖനഭാഗത്തുനിന്ന് അജപാലകർക്ക് പ്രചോദനാത്മകമായ കാര്യങ്ങൾ കണ്ടെത്താൻ ശ്രമിക്കാം.

**1. മിശിഹാ: നിയമത്തിന്റെ പൂർത്തീകരണം**

"*സഹോദരരേ, എന്റെ ഹൃദയപൂർവകമായ ആഗ്രഹവും ഇസ്രായേലിനുവേണ്ടി ദൈവത്തോടുള്ള എന്റെ പ്രാർത്ഥനയും അവർ രക്ഷിക്കപ്പെടണം എന്നതാണ്. അവർക്കു ദൈവത്തെക്കുറിച്ചു തീക്ഷ്ണതയുണ്ടെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു; ആ തീക്ഷ്ണത ശരിയായ അറിവിന്റെ അടിസ്ഥാനത്തിലല്ലെന്നേയുള്ളൂ. എന്നാൽ, ദൈവത്തിന്റെ നീതിയെക്കുറിച്ച് അവർ അജ്ഞരാകകൊണ്ടും തങ്ങളുടെതന്നെ നീതി സ്ഥാപിക്കാൻ വ്യഗ്രത കാണിക്കുന്നതുകൊണ്ടും ദൈവനീതിക്ക് അവർ കീഴ്വഴങ്ങിയില്ല. വിശ്വസിക്കുന്ന ഏതൊരുവനും നീതീകരിക്കപ്പെടുന്നതിന് മിശിഹാ നിയമത്തെ പൂർത്തീകരിച്ചിരിക്കുന്നു*" (10,1-4)

ഉടമ്പടിയുടെ നവീകരണത്തെ ആസ്പദമാക്കിയാണ് ഇവിടെ പൗലോസ്ശ്ലീഹാ സംസാരിക്കുന്നത്. ദൈവം ഇസ്രായേലുമായി നടത്തിയ ഉടമ്പടി മിശിഹായിൽ നവീകരിക്കപ്പെട്ടു എന്നാണ് പൗലോ

സ്ശ്ലീഹാ സമർത്ഥിക്കുന്നത്. ഈശോമിശിഹായിലുള്ള വിശ്വാസമാണ് പുതിയ ഉടമ്പടിയുടെ പങ്കാളിത്തത്തിനുള്ള അനിവാര്യവ്യവസ്ഥ. ഈ വ്യവസ്ഥ പാലിക്കുന്നവന്, അവൻ യഹൂദനായാലും വിജാതീയനായാലും അവന് ഉടമ്പടിയിൽ പങ്കാളിത്തം ലഭിക്കും. പൗലോസ്ശ്ലീഹാ തന്റെ സഹോദരരായ യഹൂദസമൂഹത്തിന്റെ രക്ഷയ്ക്കായി പ്രാർത്ഥിക്കുന്നു. മിശിഹായെ നിഷേധിക്കുന്നവരെ ശത്രുവായിട്ടല്ല നാം കാണേണ്ടത്. അവരെ സഹോദരരായി കാണുകയും അവരുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യണം. യഹൂദർ തീക്ഷ്ണമതികളായിരുന്നു. പക്ഷേ അവരുടെ തീക്ഷ്ണത, നിയമവും പാരമ്പര്യവും സംരക്ഷിക്കുന്നതിലായിരുന്നു. തന്നെപ്പോലെ അവരും നിയമത്തിന്റെ പൂർത്തീകരണമായ മിശിഹായിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കണമെന്ന് പൗലോസ്ശ്ലീഹാ പ്രാർത്ഥിക്കുന്നു. യഹൂദരെപ്പോലെ ദൈവത്തെപ്രതി തെറ്റായ തീക്ഷ്ണതയുള്ളവർ ഇന്നുമുണ്ട്. അവരെ സഹോദരങ്ങളായി കരുതി അവരും യഥാർത്ഥവിശ്വാസത്തിലേക്കു വരുന്നതിന് നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

നിയമമെന്നു പറയുന്നത് പഴയനിയമജനതയുടെ ജീവിതനിയമം തന്നെയായിരുന്നു. 'നിയമവും പ്രവാചകന്മാരും' എന്നു പറഞ്ഞാൽ പഴയനിയമം മുഴുവനും സൂചിപ്പിക്കപ്പെടുന്നുണ്ട്. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർക്ക് മിശിഹായുടെ പീഡാനുഭവവും കുരിശുമരണവും വലിയ ഇടർച്ചയായിരുന്നു. എന്നാൽ അതെല്ലാം പഴയനിയമത്തിൽ മുൻകൂട്ടി പ്രവചിക്കപ്പെട്ടിരിക്കുന്നതാണ്. ഉത്ഥിതനായ മിശിഹാ അവരോടൊത്ത് നടക്കുകയും "മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും വിശുദ്ധലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരുന്നവയെല്ലാം അവർക്കു വ്യാഖ്യാനിച്ചു കൊടുക്കുകയും ചെയ്തു" (ലൂക്കാ 24,27). അപ്രകാരം നിരാശരായ ശിഷ്യരെ പ്രത്യാശയുള്ളവരാക്കി മാറ്റുകയും മിശിഹായെപ്പറ്റി സാക്ഷ്യം നൽകുന്നവരാക്കിത്തീർക്കുകയും ചെയ്തു. മിശിഹാ വന്നത് നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനല്ല; പൂർത്തിയാക്കുവാനാണ് (മത്താ 5,17). അതുകൊണ്ട് നിയമത്തിൽ തീക്ഷ്ണതയുള്ള തന്റെ സ്വന്തം ജനങ്ങൾ മിശിഹായിൽ തീക്ഷ്ണമതികളായ വിശ്വാസികളായിത്തീരാൻ പൗലോസ്ശ്ലീഹാ പ്രാർത്ഥിക്കുന്നു. ദൈവത്തെക്കുറിച്ച് തെറ്റായ തീക്ഷ്ണത വച്ചുപുലർത്തുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരെ ശരിയായ ദൈവവിശ്വാസത്തിലേക്ക് ആനയിക്കുവാൻ ശ്രമിക്കുവാനും അജപാലകർ വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം.

**2. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസവും രക്ഷയും (10,5–10)**

*"നിയമാധിഷ്ഠിതമായ നീതി പ്രവർത്തിക്കുന്നവർക്ക് അതുമൂലം ജീവൻ ലഭിക്കും എന്നു മോശ എഴുതുന്നു. വിശ്വാസാധിഷ്ഠിതമായ നീതിയാകട്ടെ ഇങ്ങനെ പറയുന്നു: മിശിഹായെ താഴേക്കു കൊണ്ടുവരാൻ സ്വർഗത്തിലേക്ക് ആരു കയറും എന്നു നീ ഹൃദയത്തിൽ പറയരുത്. അഥവാ മിശിഹായെ മരിച്ചവരിൽനിന്ന് ഉയർത്താൻ പാതാളത്തിലേക്ക് ആര് ഇറങ്ങും എന്നും പറയരുത്. എന്നാൽ പിന്നെ, എന്താണു പറയുന്നത്? വചനം നിനക്കു സമീപസ്ഥമാണ്. നിന്റെ അധരത്തിലും നിന്റെ ഹൃദയത്തിലും അതുണ്ട് – ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസത്തിന്റെ വചനം തന്നെ. ആകയാൽ, ഈശോ കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ ഹൃദയംകൊണ്ട് വിശ്വസിക്കുകയും തൻമൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു. അവൻ അധരംകൊണ്ട് ഏറ്റുപറയുകയും തൻമൂലം രക്ഷപ്രാപിക്കുകയും ചെയ്യുന്നു"* (10,5–10).

നിയമാധിഷ്ഠിതനീതിയും വിശ്വാസാധിഷ്ഠിതനീതിയും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ അവതരിപ്പിക്കുന്നത്. മിശിഹാ നിയമത്തെ നിരാകരിക്കുകയല്ല പൂർത്തീകരിക്കുകയാണ് ചെയ്തത്. ലേവ്യർ 18,5 നെ റോമാ 10,5 ലും നിയമാ 30,11–14 റോമാ 10,6–8 ലും ഉദ്ധരിച്ചുകൊണ്ടാണ് പൗലോസ്ശ്ലീഹാ തന്റെ വാദഗതികൾ അവതരിപ്പിക്കുന്നത്. 10,6–7 ൽ മിശിഹായുടെ അവരോഹണത്തെയും ആരോഹണത്തെയും കുറിച്ചുള്ള സൂചനകളാണുള്ളത്. അവരോഹണം മനുഷ്യാവതാരത്തെയും ആരോഹണം ഉത്ഥാനത്തെയും പ്രതിനിധാനം ചെയ്യുന്നു. 10,8 ൽ പറയുന്നത് "വചനം നിനക്കു സമീപസ്ഥമാണ്. നിന്റെ അധരത്തിലും നിന്റെ ഹൃദയത്തിലും അതുണ്ട്-ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസത്തിന്റെ വചനംതന്നെ" എന്ന പ്രസ്താവന, മിശിഹായുടെ ഉത്ഥാനത്തെക്കുറിച്ചുള്ള തന്റെ പ്രഘോഷണത്തെ, വിശ്വാസംവഴി രക്ഷയിലേക്കുള്ള ക്ഷണമായിട്ടാണ് വി. പൗലോസ് കരുതുന്നത്.

റോമാ 10,9–10 ൽ ക്രിസ്തീയ വിശ്വാസത്തിന്റെ ഉള്ളടക്കമെന്തെന്ന് ഏറ്റവും കൃത്യവും നിയതവുമായ ഭാഷയിൽ ശ്ലീഹാ അവതരിപ്പിക്കുന്നു. "ഈശോ കർത്താവാണ്" എന്ന പ്രഖ്യാപനം മാമ്മോ

ദീസാ പ്രകരണമായിരുന്നു (ശ്ലീഹാ 22,16; 1 കൊറി 12,3; 2 കൊറി 4,5; ഫിലി 2,11). ഈശോയുടെ ഉത്ഥാനം ദൈവത്തിന്റെ പ്രവൃത്തിയാണ്. ഈശോയുടെ ഉത്ഥാനത്തെ "ഹൃദയത്തിൽ വിശ്വസിക്കണം" എന്നതിലൂടെ, പ്രസ്തുത വിശ്വാസത്തെ ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിക്കണം എന്നാണ് അർത്ഥമാക്കുന്നത് (1 കൊറി 6,14; 2 കൊറി 4,14; ഗലാ 1,1). ഉത്ഥാനം എന്ന യാഥാർത്ഥ്യത്തെ കേവലം ആശയപരമോ ബൗദ്ധികമോ ആയി മാത്രം ഗ്രഹിക്കാതെ ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിക്കുന്നതിലാണ് ക്രിസ്തീയവിശ്വാസത്തിന്റെ മർമ്മം അടങ്ങിയിരിക്കുന്നത്. ഹൃദയത്തിലുള്ള ഈ വിശ്വാസം വിശുദ്ധീകരണത്തിനും അധരംകൊണ്ടുള്ള ഏറ്റുപറച്ചിൽ രക്ഷയ്ക്കും കാരണമാകുമെന്നാണ് ശ്ലീഹാ തുടർന്നുപറയുന്നത്. ഹൃദയത്തിന്റെ നിറവിൽ നിന്ന് അധരം സംസാരിക്കുന്നതുപോലെ വിശുദ്ധീകരണത്തിലൂടെ രക്ഷ കരഗതമാകുന്നു. മിശിഹായുടെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിലും അതോടൊപ്പം നമ്മുടെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിലും അജഗണങ്ങളെ വളർത്തുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

### 3. വിശ്വാസവും ഏറ്റുപറച്ചിലും സാർവ്വത്രികരക്ഷയും

"*അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിക്കേണ്ടിവരുകയില്ല എന്നാണല്ലോ വിശുദ്ധഗ്രന്ഥം പറയുന്നത്. യഹൂദനും ഗ്രീക്കുകാരനും തമ്മിൽ വ്യത്യാസമില്ല. ഒരുവൻ തന്നെയാണ് എല്ലാവരുടെയും കർത്താവ്. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ അവിടുന്നു തൻെറ സമ്പത്തു വർഷിക്കുന്നു. എന്തെന്നാൽ, കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷപ്രാപിക്കും*" (10,11-13).

രക്ഷയുടെ സാർവ്വത്രികദർശനം ഒരിക്കൽകൂടി ശ്ലീഹാ അവതരിപ്പിക്കുന്നു. റോമാ 3,22-23 ൽ യഹൂദനും വിജാതീയനും ഒരുപോലെ പാപികളായ കഥ പൗലോസ് അവതരിപ്പിച്ചതാണ്. ഒരുപോലെ പാപികളായവർ ഒരേ രക്ഷകനിൽനിന്നു രക്ഷ പ്രാപിക്കും. "എല്ലാവരുടെയും കർത്താവ്" എന്ന പദപ്രയോഗം റോമൻ ചക്രവർത്തിമാർ തങ്ങളുടെ അഭിധാനമായി ഉപയോഗിച്ചിരുന്നതാണ്. എന്നാൽ ഇതേ അഭിധാനം ദൈവത്തെ സൂചിപ്പിക്കാൻ രണ്ടാം ദൈവാലയകാലഘട്ടത്തിൽ ഉപയോഗിച്ചിരുന്നു (ശ്ലീഹാ 10,36). "എല്ലാവരുടെയും" കർത്താവ് എന്ന ആശയം ജോയേൽ 2,32 ലും പ്രകടമാണ്. അതുകൊണ്ട് ക്രിസ്തീയവിശ്വാസവും മാമ്മോദീസായും സാർ

വ്വത്രികരക്ഷ പ്രദാനം ചെയ്യുന്നതാണെന്നുള്ള സത്യം പൗലോസ് ശ്ലീഹാ പ്രത്യേകം എടുത്തുപറയുന്നു.

മിശിഹായിൽ ജീവിക്കുന്നവരെക്കുറിച്ച് പൗലോസ് ഇപ്ര കാരം വ്യക്തമായി പറയുന്നുണ്ടല്ലോ. "പാപത്തെ സംബന്ധിച്ചിട ത്തോളം മരിച്ചവരായ നാം അതിൽ ജീവിക്കുന്നതെങ്ങനെ? ഈശോ മിശിഹായോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെ ല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? അങ്ങനെ, അവന്റെ മര ണത്തോട് നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരി ക്കപ്പെട്ടത്. അവന്റെ മരണത്തിനു സദൃശ്യമായ ഒരു മരണത്തിൽ നാം അവനോടൊത്ത് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരു ത്ഥാനത്തിനു സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും" (റോമാ 6,2-5). മിശിഹാ ലോകത്തിന്റെ മുഴുവൻ രക്ഷകനാണെന്നു അവിടുത്തെ അനുഭവിച്ചറിഞ്ഞ സമറി യാപട്ടണവാസികൾ ഏറ്റുപറഞ്ഞു എന്ന് യോഹന്നാൻ സുവിശേ ഷകനും സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 4,42). മിശിഹായിലുള്ള വിശ്വാസജീവിതം സാർവ്വത്രിക രക്ഷ നൽകുമെന്ന ബോദ്ധ്യം വിശ്വാ സികളിൽ വളർത്തുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

### 4. സുവിശേഷപ്രഘോഷണവും വിശ്വാസവും

*"എന്നാൽ, തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും? സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം! എന്നാണല്ലോ എഴു തപ്പെട്ടിരിക്കുന്നത്. എന്നാൽ, എല്ലാവരും സുവിശേഷം അനുസരി ച്ചില്ല. കർത്താവേ, ഞങ്ങളുടെ സന്ദേശം കേട്ടിട്ട് വിശ്വസിച്ചവൻ ആ രാണ്? എന്ന് ഏശയ്യാ ചോദിക്കുന്നുണ്ടല്ലോ. ആകയാൽ വിശ്വാസം കേൾവിയിൽനിന്നും കേൾവി മിശിഹായെപ്പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാണ്. എന്നാൽ, അവർ കേട്ടിട്ടില്ലേ എന്നു ഞാൻ ചോദിക്കു ന്നു. തീർച്ചയായും ഉണ്ട്. എന്തെന്നാൽ, അവരുടെ ശബ്ദം ഭൂമി മുഴു*

*വനിലും വ്യാപിച്ചിരിക്കുന്നു; അവരുടെ വചനങ്ങൾ ലോകത്തിന്റെ സീമകൾവരെയും"* (10,14-18).

വിജാതീയരോടുള്ള സുവിശേഷപ്രഘോഷണത്തെ പൗലോസ്ശ്ലീഹാ ന്യായീകരിക്കുകയാണ്. സാർവ്വത്രിക രക്ഷ സാധ്യമാകണമെങ്കിൽ സാർവ്വത്രികലക്ഷ്യത്തോടെ ശ്ലീഹന്മാർ നിയോഗിക്കപ്പെടണം എന്നതാണ് ശ്ലീഹായുടെ പ്രധാനവാദം. അപ്രകാരം നിയോഗിക്കപ്പെട്ട ശ്ലീഹായാണു താൻ എന്ന പരോക്ഷവാദവും ഇവിടെയുണ്ട്. വിജാതീയരുടെ അപ്പസ്തോലനായി തന്നെത്തന്നെ അവതരിപ്പിക്കുന്നതിൽ പൗലോസ് ശ്ലീഹായ്ക്ക് ഏറെ താത്പര്യമുണ്ട് (1,15; 15,18) വാസ്തവത്തിൽ പൗലോസ്ശ്ലീഹാ വിജാതീയരുടെ അപ്പസ്തോലനായി ദൈവത്താൽ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ടാണ് സഭ യഹൂദമതത്തിൽ നിന്നും വ്യത്യസ്തമായ ഒരു ക്രിസ്തീയസമൂഹമായി രൂപം കൊണ്ടതെന്നതിനു യാതൊരു സംശയവുമില്ല. ഇന്ന് റോമിൽ പത്രോസും പൗലോസും സഭയുടെ നെടുംതൂണുകളായി അംഗീകരിക്കപ്പെടുന്നത് ഇതിന്റെ ഒരു സൂചനയാണ്. പത്രോസിന്റെയും പൗലോസിന്റെയും തിരുനാളിന് കത്തോലിക്കാസഭയിലുള്ള പ്രാധാന്യം ഇത് അനുസ്മരിപ്പിക്കുന്നതാണ്.

"സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം" എന്ന പ്രസ്താവന (10,15) ഏശ 52,7 ൽ നിന്നുള്ള ഉദ്ധരണിയാണ്. സഹനദാസന്റെ കീർത്തനത്തിലുള്ള ഈ പരാമർശം സുവിശേഷപ്രഘോഷണത്തിനിടയിൽ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളെക്കുറിച്ചുള്ള പരോക്ഷ സൂചനയായും കരുതാം. "കർത്താവേ ആരു ഞങ്ങളെ വിശ്വസിച്ചു" എന്ന ചോദ്യവും (10,16) ഏശ 53,1 ലെ നാലാം സഹനദാസസങ്കീർത്തനത്തിന്റെ പ്രാരംഭവാക്യമാണ്. തന്റെ സുവിശേഷപ്രഘോഷണത്തിൽ അനുഭവിക്കേണ്ടിവന്ന കഷ്ടതകളെ ശ്ലീഹാ അയവിറക്കുന്ന വാക്യമായി ഇതിനെ കരുതാം. വിശ്വാസം, കേൾവി, പ്രഘോഷണം എന്നിവയുടെ പാരസ്പര്യമാണ് ശ്ലീഹാ 10,17 ൽ അവതരിപ്പിക്കുന്നത്. വിശ്വാസം വചനശ്രവണത്തിലൂടെയാണ്. 'വചനം' എന്നതിലൂടെ വചനമായ മിശിഹായെന്നോ, മിശിഹായെക്കുറിച്ചുള്ള വചനപ്രഘോഷണമെന്നോ അർത്ഥവ്യാഖ്യാനം നടത്താം. 'ലോകം മുഴുവൻ വ്യാപിച്ച വചനം' എന്നത് മിശിഹാസംഭവത്തെത്തന്നെയാണ് സൂചിപ്പിക്കുന്നത്. നിയമം, തിരഞ്ഞെടുപ്പ് തുടങ്ങിയ പരിമിതികളിൽനിന്നും രക്ഷയുടെ സാർവ്വത്രി

കമാനം സാക്ഷാൽകരിക്കപ്പെട്ടത് മിശിഹാസംഭവത്തിലൂടെയാണ്. ഈ സാർവ്വത്രികമാനം വിജാതീയരെ ഉൾക്കൊണ്ടപ്പോൾ, അവിശ്വസ്തരായ യഹൂദരുടെ തിരസ്കരണത്തിനും കാരണമായി. നമ്മുടെ ക്രിസ്തീയവിശ്വാസം അതിന്റെ തനിമയിൽ ജീവിച്ച്, ജീവിതം സുവിശേഷം പ്രഘോഷണമാക്കുവാൻ അജപാലകർ വിശ്വാസികളെ പരിശീലിപ്പിക്കണം.

**5. ഇസ്രായേലിന്റെ തിരസ്കരണവും വിജാതീയരുടെ സ്വീകരണവും**

*"ഞാൻ വീണ്ടും ചോദിക്കുന്നു, ഇസ്രായേൽ ഇതു ഗ്രഹിച്ചില്ലയോ? മുമ്പേതന്നെ മോശ ഇങ്ങനെ പറയുന്നു: ഒരു ജനതയല്ലാത്തവരോടു നിങ്ങളിൽ ഞാൻ അസൂയ ജനിപ്പിക്കും. ബുദ്ധിയില്ലാത്ത ഒരു ജനത്തെക്കൊണ്ടു നിങ്ങളെ ഞാൻ പ്രകോപിപ്പിക്കും. ഏശയ്യായും ധൈര്യപൂർവം പറയുന്നു: എന്നെ തേടാത്തവർ എന്നെ കണ്ടെത്തി; എന്നെപ്പറ്റി അന്വേഷിക്കാത്തവർക്ക് ഞാൻ എന്നെ വെളിപ്പെടുത്തി. ഇസ്രായേലിനെപ്പറ്റിയാകട്ടെ, അവൻ പറയുന്നത് ഇങ്ങനെയാണ്: അനുസരണമില്ലാത്തവരും ധിക്കാരികളുമായ ഒരു ജനത്തിനു നേരെ ദിവസം മുഴുവനും ഞാൻ എന്റെ കരങ്ങൾ നീട്ടി"* (10,19-21).

ഇസ്രായേലിലെ ഒരു വിഭാഗത്തിന്റെ തിരസ്കരണവും വിജാതീയരിൽ ഒരു വിഭാഗത്തിന്റെ സ്വീകരണവും സംഭവിച്ച വർത്തമാനകാലയാഥാർത്ഥ്യത്തെ വി. പൗലോസ് നിയ 32,21; ഏശ 65,1 എന്നീ ഉദ്ധരണികളുടെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുന്ന വാക്യങ്ങളാണിവ. നിയ 32,21 മോശയുടെ കീർത്തനത്തിന്റെ ഭാഗമാണ്. "ജനമല്ലാത്ത ജനം" എന്ന മോശയുടെ വാക്കുകളെ വിജാതീയരുടെ രക്ഷയെക്കുറിച്ചുള്ള പ്രവചനമായാണ് പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത്. ഏശ 65,1 ലെ പ്രാർത്ഥനയാകട്ടെ ഇസ്രായേലിന്റെ വിനാശത്തിൽ ദൈവത്തിന്റെ ഇടപെടൽ അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ്. ഈ പ്രാർത്ഥനക്കുള്ള ഉത്തരമായി മിശിഹാ വന്നെങ്കിലും അവനെ സ്വീകരിക്കുവാൻ വിസമ്മതിക്കുകവഴി "ദൈവത്തെ തേടാത്ത ജനതകൾക്ക്" ദൈവം സ്വയം വെളിപ്പെടുത്തുന്ന സ്ഥിതിവിശേഷം സംജാതമായി എന്നാണ് ശ്ലീഹാ പ്രസ്താവിക്കുന്നത്.

ഇസ്രായേലിന്റെ രക്ഷാചരിത്രത്തെ ലോകചരിത്രത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാനുള്ള ശ്രമമാണ് പൗലോസ്ശ്ലീഹാ നടത്തുന്നത്. ഓരോ വ്യക്തിക്കും ഓരോ ജനതയ്ക്കും സ്വന്തം ദൈവാനുഭവത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും കഥകൾ അവകാശവാദ

മായും അഭിമാനബോധമായും അവതരിപ്പിക്കാനുണ്ടാകാം. പ്രസ്തുത അവകാശവാദങ്ങൾ സത്യസന്ധവുമായിരിക്കാം. എങ്കിലും രക്ഷ യുടെ സമഗ്രതയിൽ ഒറ്റപ്പെട്ട അവകാശവാദങ്ങളെല്ലാം മിശിഹാ എന്ന വ്യക്തിയിൽ സമന്വയിക്കപ്പെടും എന്ന ചിന്തയാണ് വി. പൗലോസ് അവതരിപ്പിക്കുന്നത്. ഇനിമേൽ രക്ഷയ്ക്ക് ജന്മാവകാശങ്ങളുടെ പ്രസക്തിയില്ല. മനുഷ്യനായി അവതരിച്ച ദൈവപുത്രനിലുള്ള വിശ്വാസവും അവിടുത്തോടുള്ള വിശ്വസ്തതയുമാണ് ഇനിമേൽ രക്ഷയുടെ മാനദണ്ഡം. ലോകരക്ഷകനായ മിശിഹായിലുള്ള നമ്മുടെ ക്രൈസ്തവവിശ്വാസത്തിന്റെ തനിമയും മാഹാത്മ്യവും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്ത് ശരിക്കും വിശ്വാസപ്രഘോഷകരായിത്തീരുവാൻ അജപാലകർ ജനങ്ങളെ സജ്ജരാക്കണം.

**ജീവിതസൂചിക**

1. ദൈവത്തെക്കുറിച്ച് തെറ്റായ ആശയവും തീക്ഷ്ണതയുമുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവർക്ക് ശരിയായ കാഴ്ചപ്പാടു നൽകുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. മിശിഹായുടെ ഉത്ഥാനത്തിൽ വിശ്വസിക്കുവാനും നമ്മുടെ ഉത്ഥാനത്തിൽ പ്രതീക്ഷ അർപ്പിക്കുവാനും എനിക്കു സാധിക്കുന്നുണ്ടോ?
3. മിശിഹായിലുള്ള വിശ്വാസജീവിതം സാർവ്വത്രികരക്ഷ നൽകുമെന്ന ബോദ്ധ്യം ജീവിക്കുവാനും പ്രഘോഷിക്കുവാനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
4. മിശിഹായിലുള്ള വിശ്വാസം അതിന്റെ തനിമയിൽ ജീവിച്ച് ജീവിതം സുവിശേഷപ്രഘോഷണമാക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
5. ലോകരക്ഷകനായ മിശിഹായിലുള്ള വിശ്വാസത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?











## സെന്റ് ജോസഫ് ഫോർമേഷൻ സെന്ററിന്റെ വെഞ്ചരിപ്പ് കർമ്മം

**Sahyanadham**
Annual Subscription Rs. 350.00
Date of Publication: 01/01/2023

Reg. No. KL/IDK/08/2022-2024
RNI Reg No. KERMAL/2004/12498
Posted at Thodupuzha Stg.






**മാർപാപ്പയുടെ പ്രാർത്ഥന നിയോഗം ജനുവരി 2023**

അധ്യാപകർക്ക് വേണ്ടി

അധ്യാപകർ ഈശോയുടെ സാക്ഷികൾ ആയിത്തീരുന്നതിനും മത്സരത്തേക്കാൾ ഉപരി സാഹോദര്യം പഠിപ്പിക്കുന്നതിനും വരുംതലമുറയുടെ രൂപീകരണത്തിൽ ആത്മാർത്ഥമായി പങ്കുചേരുന്നതിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer & Publisher, Rev. Fr. George Bishop's House, Idukki- 685 602